# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കലഞ്ഞൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAPTA P10/1037/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 25/10/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കലഞ്ഞൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കലഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കലഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAPTA P10/1037/2023 തീയ്യതി: 25/10/2023

# പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-11-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 19-09-2023 | 30-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-09-2023 | 30-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജി എ, ഓഡിറ്റ് ഓഫീസർ

ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. അരുൺ കുമാർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. അനിൽകുമാർ പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ദീപ കെ എസ്, ഓഡിറ്റർ

കുമാരി കാവ്യ കൃഷ്ണൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി പുഷ്പവല്ലി ടി വി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. മൈക്കിൾ സി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഗോവിന്ദൻ നമ്പൂതിരി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ. അലക്സാണ്ടർ കെ തോമസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. ഗിരീഷ് പി എസ് | കൃഷി ഓഫീസർ (ഇൻ ചാർജ്ജ്) | 01-04-2022 | 06-06-2022 |
| ശ്രീ. ഷെല്ലി സി | കൃഷി ഓഫീസർ | 07-06-2022 | 31-03-2023 |
| ശ്രീ. തോമസ് മത്തായി | പ്രഥമദ്ധ്യാപകൻ, ജി.എൽ.പി.എസ്, കൂടൽ ജംഗ്ഷൻ | 01-04-2022 | 31-05-2022 |
| ശ്രീ. ഷാജി തോമസ് | പ്രഥമദ്ധ്യാപകൻ, ജി.എൽ.പി.എസ്, കൂടൽ ജംഗ്ഷൻ | 01-06-2022 | 29-06-2022 |
| ശ്രീമതി ബിന്ദു അലക്സാണ്ടർ | പ്രഥമദ്ധ്യാപിക, ജി.എൽ.പി.എസ്, കൂടൽ ജംഗ്ഷൻ | 30-06-2022 | 31-03-2023 |
| ഡോ. ദിവ്യ മോഹൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 04-05-2022 |
| ഡോ. അരുൺ ജയപ്രകാശ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 05-05-2022 | 31-03-2023 |
| ഡോ.സംഗീത വി സി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ. ഗായത്രി ആർ എസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ. ഷെൺബക | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| നാരായണൻ എം | | | |
| ശ്രീ. അലി അക്ബർ ഇ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 01-04-2022 | 31-05-2022 |
| ശ്രീമതി രമ്യ വി കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 01-06-2022 | 24-07-2022 |
| ശ്രീമതി രാജിമോൾ വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 25-07-2022 | 31-03-2023 |
| ശ്രീ. ഗണേഷ് എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 01-04-2022 | 24-07-2022 |
| ശ്രീ.സുജിത്ത് എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 25-07-2022 | 31-03-2023 |
| ശ്രീമതി പ്രീത എസ് | ഡെയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. സുരേഷ്കുമാർ ആർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി വീണ ആർ രത്നം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | വസ്തു നികുതി ഡി.സി.ബി. സഞ്ചയ സോഫ്റ്റ് വെയറുമായി പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ഡിമാന്റ്എൻട്രികൾസമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തെറ്റായ ഹെഡിൽ തുക രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-5 |
| 7 | ഫ്ലഡ് റിലീഫ് ഗ്രാന്റ് കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല | 1-1-6 |
| 8 | ഇൻവെസ്റ്റ്മെന്റ്സ് എന്ന ശീർഷകത്തിൽ തുക രേഖപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസസ്-ബാലൻസ് തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസസ്-ബാലൻസ് തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല | 1-1-8 |
| 10 | ഫിക്സഡ് ഡെപ്പോസിറ്റുകളിലെ തുക വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | നിക്ഷേപപ്രവൃത്തികൾ തുകയുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല | 1-1-10 |
| 12 | ഡിപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുക വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-11 |
| 13 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല | 1-1-12 |
| 14 | ഷെഡ്യൂൾ ആർപി. 40(എ) തുക വ്യത്യാസം | 1-1-13 |
| 15 | ലേലം തുക ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽപ്രതിഫലിക്കുന്നില്ല | 1-1-14 |
| 16 | ഔദ്യോഗിക വാഹനത്തിന് ഡീസൽ ചെലവ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-15 |
| 17 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-16 |
| 18 | ബഡ്ജറ്റ് | 1-2 |
| 19 | സാമ്പത്തിക വിശകലനം | 1-3 |
| 20 | ഗ്രാന്റ് വിനിയോഗം | 1-4 |
| 21 | പദ്ധതി അവലോകനം | 1-5 |

| | | |
|---|---|---|
| 22 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 23 | ക്ഷേമ പദ്ധതികൾ | 1-7 |
| 24 | ക്യാഷ് പരിശോധന | 1-8 |
| 25 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 26 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 27 | തനതു വരുമാന സമാഹരണം-അവലോകനം. | 1-11 |
| 28 | കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള മുഴവൻ ഭാഗത്തിന്റെയും വസ്തുനികുതി നിർണ്ണയിച്ചില്ല | 1-12 |
| 29 | തറ നിർമ്മാണത്തിന് ബാധകമായ നികുതി വർദ്ധനവ് വരുത്തിയില്ല | 1-13 |
| 30 | നിരക്ക് നിശ്ചയിച്ചതിൽ അപാകത – നികുതി നിർണ്ണയിച്ചതിൽ കുറവ് | 1-14 |
| 31 | സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗിന് ബാധകമായ അധിക നികുതി ചുമത്തിയില്ല | 1-15 |
| 32 | സേവന ഉപനികുതി ഏർപ്പെടുത്തിയില്ല | 1-16 |
| 33 | വാടക ഒഴിവാക്കി നൽകി | 1-17 |
| 34 | തൊഴിൽ നികുതി-പിരിവ് ഊർജ്ജിതമാക്കണം. | 1-18 |
| 35 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടപ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടില്ല. | 1-19 |
| 36 | ലേല തുക പൂർണ്ണമായും ഈടാക്കിയില്ല. | 1-20 |
| 37 | പാറകപാറികളുടെ പ്രവർത്തനം | 1-21 |
| 38 | പദ്ധതി നിർവ്വഹണം ഫലപ്രാപ്തിയിൽ എത്തുന്നത് സംബന്ധിച്ച അവലോകനമില്ല | 1-22 |
| 39 | പദ്ധതി നിർവ്വഹണം: ഉല്പാദന മേഖലയിൽ പട്ടികജാതി/പട്ടികവർഗ ഉപ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടില്ല | 1-23 |
| 40 | ജനറൽ കമ്മിറ്റി മിനിട്ട്സ് അംഗീകരിക്കുന്നതിൽ അകാരണമായ കാലതാമസം | 1-24 |
| 41 | അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താവ് ടോയ്ലറ്റ് നിർമ്മാണം പൂർത്തീകരിച്ചില്ല | 1-25 |
| 42 | പഞ്ചായത്തിലെ ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്കിന്റെ പരിപാലനം കൃത്യമല്ല | 1-26 |
| 43 | കരാർ ജീവനക്കാരുടെ നിയമന, സേവന വിവരങ്ങൾ സൂക്ഷിക്കുന്നില്ല | 1-27 |
| 44 | തേൻ സംസ്കരണ യൂണിറ്റ് - ചെലവഴിച്ച തുക പാഴായി | 1-28 |
| 45 | കാലാവസ്ഥാ വ്യതിയാനം -പ്രാദേശിക കർമ്മ പദ്ധതി ആവിഷ്കരിക്കേണ്ടതാണ് | 1-29 |
| 46 | മരണപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ സമയബന്ധിതമായി സസ്പെന്റ് ചെയ്യുന്നില്ല-സർക്കാരിന് ലക്ഷങ്ങളുടെ നഷ്ടം | 1-30 |

| | | |
|---|---|---|
| 47 | ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി | 1-31 |
| 48 | മരുന്ന് വാങ്ങൽ- ആവശ്യാനുസരണം മരുന്നു ലഭ്യമായിട്ടില്ല. | 1-32 |
| 49 | ഹോമിയോ മരുന്നു വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-33 |
| 50 | സ്കോളർഷിപ്പ് തുക അധികം നൽകി | 1-34 |
| 51 | ഫോറം 7 Aക്യാഷ്ബുക്കും രജിസ്റ്ററും പരിപാലിച്ചിട്ടില്ല. | 1-35 |
| 52 | സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നില്ല. | 1-36 |
| 53 | പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി- ചട്ടങ്ങൾ പാലിക്കുന്നില്ല | 1-37 |
| 54 | ദുരിതാശ്വാസനിധി | 1-38 |
| 55 | അഗതി രഹിത കേരളം പദ്ധതി- ലക്ഷ്യം കൈവരിച്ചില്ല. | 1-39 |
| 56 | സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടതാണ് | 1-40 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | സ്കോളർഷിപ്പ് തുക അധികം നൽകി-16500 രൂപയുടെ നഷ്ടം | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 5 | ഓഡിറ്റ് റിക്കവറി | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കലും നിർദ്ദേശങ്ങളും അനുസരിച്ച് 27-07-2023 ലെ 1-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 29-07-2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കലഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി കലഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട — ഡെപ്യൂട്ടി ഡയറക്ടർ
25.10.2023 — ജില്ലാ ഓഡിറ്റ് കാര്യാലയം

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 62പ്രകാരമുള്ള അടിസ്ഥാന അനുപാത കണക്ക് (Ratios), സെക്രട്ടറിയുടെ കുറിപ്പുകൾ (Notes On Accounts) എന്നിവ വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-2 വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 212535 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4388256രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിൽ തുകകൾ പൊരുത്തപ്പെടുന്നില്ല

### 1-1-3 വസ്തു നികുതി ഡി.സി.ബി. സഞ്ചയ സോഫ്റ്റ് വെയറുമായി പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയറുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-4 ഡിമാന്റ്എൻട്രികൾസമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ്, വാടക എന്നീ വരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. 2022-23 ലെ വസ്തുനികുതിയുമായി ബന്ധപ്പെട്ട "110100101- Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റത്തവണമാത്രം(31.03.2023) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.

### 1-1-5 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തെറ്റായ ഹെഡിൽ തുക രേഖപ്പെടുത്തിയിരിക്കുന്നു.

ഷെഡ്യൂൾ ബി-3- ക്യാപിറ്റൽ കോൺട്രിബ്യൂഷൻ - ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തെറ്റായ ഹെഡിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മുൻവർഷ തുക തന്നെയാണ് (24239343) ഈ വർഷവും രേഖപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ആസ്തികൾ സൃഷ്ടിക്കുന്നതിന് ചെലവഴിച്ച തുക ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-6 ഫ്ലഡ് റിലീഫ് ഗ്രാന്റ് കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല

ഷെഡ്യൂൾ ബി4- ഫ്ലഡ് റിലീഫ് ഗ്രാന്റ് ഇനത്തിൽ മുൻവർഷ തുകയായ 75000 രൂപ തന്നെയാണ് ഈ വർഷവും രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

### 1-1-7 ഇൻവെസ്റ്റ്മെന്റ്സ് എന്ന ശീർഷകത്തിൽ തുക രേഖപ്പെടുത്തിയിട്ടില്ല

ഷെഡ്യൂൾ ബി-11- ഇൻവെസ്റ്റ്മെന്റ്സ് എന്ന ശീർഷകത്തിൽ തുക രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന് 9960 രൂപയുടെ സ്ഥിരനിക്ഷേപം ഉണ്ട്.

### 1-1-8 പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസസ്-ബാലൻസ് തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല

പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസസ്-ബാലൻസ് തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല

ഷെഡ്യൂൾ ബി-16 - പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസസ് (440500101) ഹെഡിൽ 4828392 രൂപ അവശേഷിക്കുന്നു. ആയതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

### 1-1-9 ഫിക്സഡ് ഡെപ്പോസിറ്റുകളിലെ തുക വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി-17- ആകെ 9960 രൂപയുടെ രണ്ട് ഫിക്സഡ് ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ പേരിലുണ്ട്. എന്നാൽ ഷെഡ്യൂളിൽ ഈ രണ്ട് അക്കൌണ്ടുകളിലേതായി രേഖപ്പെടുത്തിയിരിക്കുന്നത് 8652 രൂപയാണ്.

### 1-1-10 നിക്ഷേപപ്രവൃത്തികൾ തുകയുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല

ഷെഡ്യൂൾ ബി-18- വാട്ടർ അതോറിറ്റി, വൈദ്യുത ബോർഡ്, ഭൂജല വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവയിൽ മുൻവർഷങ്ങളിൽ നിക്ഷേപിച്ച തുകയുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. നിക്ഷേപപ്രവൃത്തികൾ പൂർത്തീകരിച്ച് അവ ആസ്തികളായി മാറ്റി തുക കൃത്യമാക്കേണ്ടതാണ്.

### 1-1-11 ഡിപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുക വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

ഷെഡ്യൂൾ ബി-18 - മലനട പറയകോട് റോഡിൽ സ്ട്രീറ്റ് ലൈൻ നീട്ടലും ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കലും ( നം.1/23) എന്ന പ്രോജക്ടിലായി 192576 രൂപ കെ.എസ്.ഇ.ബി.ക്ക്നൽകിയിട്ടുണ്ട്. ആയത് 460500202 എന്ന ഹെഡിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-1-12 നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല

ഷെഡ്യൂൾ ബി-18 – തൻവർഷം നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അഡ്വാൻസായി (460500501) 280803 രൂപ നൽകിയിട്ടുണ്ട്. ആയത് ക്രമീകരിച്ചിട്ടില്ല.

## 1-1-13 ഷെഡ്യൂൾ ആർപി. 40(എ) തുക വ്യത്യാസം

ഷെഡ്യൂൾ ആർപി. 40(എ) -മുൻവർഷ ക്ലോസിംഗ് ബാലൻസിനേക്കാൾ 24071 രൂപ കൂടുതൽ രേഖപ്പെടുത്തിയിരിക്കുന്നു.

## 1-1-14 ലേലം തുക ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽപ്രതിഫലിക്കുന്നില്ല

തൻവർഷം ഇറച്ചി ലേലം ഇനത്തിൽ 200000 ലക്ഷം രൂപ വരവുണ്ട്. ആയത് ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രതിഫലിക്കുന്നില്ല. ഓക്ഷൻ ഡിപ്പോസിറ്റ് ഹെഡിൽ 12.4.22-ൽ 200000& 150000, 21.01.23-ൽ 62000 എന്നിങ്ങനെ തുകകൾ അക്കൗണ്ട് ചെയ്തിരിക്കുന്നു. ഇത് ലേലം വരവാണെങ്കിൽ ലേലം ഹെഡിലേക്ക് മാറ്റേണ്ടതാണ്.

## 1-1-15 ഔദ്യോഗിക വാഹനത്തിന് ഡീസൽ ചെലവ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

ഗ്രാമപഞ്ചായത്തിലെ ഔദ്യോഗിക വാഹനത്തിന്റെ ഡീസൽ ചെലവ് ഇനത്തിൽ 224455 രൂപ ചെലവഴിച്ചിട്ടുണ്ട്. ടി തുക വാർഷികകണക്കിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-16 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.

## 1-2 ബഡ്ജറ്റ്

24918748/- രൂപ മുന്നിരിപ്പും 473822400/- രൂപ വരവും 470318000/- രൂപ ചെലവും 28423148/- രൂപ നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് 24.3.2022-ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | Receipt & Payment Statement പ്രകാരം | Income & Expenditure Statement പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 26680028/- | |
| വരവ് | 45510058/- | 250161203/- |
| ആകെ | 72190086/- | 250161203/- |
| ചെലവ് | 45297523/- | 244609019/- |
| നീക്കിയിരിപ്പ് | 26892563/- | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത് ) | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 26696000 | 26696000 | 23310566 | | 3385434 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 11857000 | 11857000 | 10590692 | | 1266308 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 4426440 | 4642000 | 9068440 | 4842011 | 4226429 | |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 1520346 | 7257686 | 8778032 | 4707185 | 4070847 | |
| ഹെൽത്ത് ഗ്രാന്റ് 1 | 0 | 325641 | 325641 | 0 | 325641 | |
| ഹെൽത്ത് ഗ്രാന്റ് 2 | 0 | 187595 | 187595 | 0 | 187595 | |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 22200000 | 22200000 | 14966202 | | 7233798 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | 0 | 8449000 | 8449000 | 6401261 | | 2047739 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| ശുചിത്വ മിഷൻ | 3525219 | 360000 | 3885219 | 1028800 | 2856419 | |
| ഫ്ലഡ് റിലീഫ് | 75000 | 0 | 75000 | 0 | 75000 | |
| സാക്ഷരത | 4745 | 132 | 4877 | 0 | 4877 | |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| ഐ.സി.ഡി.എസ്. | 1832304 | 1188938 | 3021242 | 804256 | 2216986 | |
| എം.ജി.എൻ. ആർ.ജി.എസ് | 333 | 60928400 | 60928733 | 60928733 | 0 | |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

1.അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് ഭവന പദ്ധതി -വായ്പാ തിരിച്ചടവ് എന്നിവയിൽ വിവിധ ഫണ്ടിനങ്ങളിൽ നിന്ന് സോഴ്സ് ഡിഡക്ഷൻ നടത്തിയ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയപ്പോൾ വരവിനങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവിനത്തിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 1586807 |
| ,, | അങ്കണവാടി അധിക വേതനം | 1270200 |
| വികസന ഫണ്ട്-എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 1973426 |

2. സ.ഉ.(കൈ) നം. 179/2022/ധന തീയതി 18.12.2022 ഉത്തരവ് അനുസരിച്ച് പൊതുവിഭാഗം വികസനഫണ്ട് 3-ാം ഗഡുവിൽ (സ.ഉ.(സാധാ) നം.1049/2023/ധന തീയതി 13.02.2023) നിന്നും കുറവ് ചെയ്ത 266960 രൂപ വരവായി ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

2022-23 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 271 | 226183658 | 188 | 83564353 | 83 | 36.94 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു-

| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *ആവിഷ്കരിച്ച പ്രോജക്ടുകൾ* | *നടപ്പിലാക്കിയ പ്രോജക്ടുകൾ* | *അടങ്കൽ തുക* | *ചെലവഴിച്ച തുക* |
|---|---|---|---|---|
| സെക്രട്ടറി | 40 | 18 | 25859968 | 9888377 |

| | | | | |
|---|---|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | 21 | 14 | 6489429 | 3268756 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 134 | 94 | 51651272 | 28969561 |
| കൃഷി ഓഫീസർ | 9 | 9 | 9045300 | 3767605 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 17 | 14 | 6831670 | 2944939 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 12 | 11 | 107648504 | 20071173 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 6 | 6271000 | 5364306 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 9 | 8 | 2945715 | 2502817 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 1 | 1 | 500000 | 500000 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 350000 | 350000 |
| പ്രഥമദ്ധ്യാപിക, ജി.ഡബ്ല്യൂ.എൽ.പി.എസ് | 6 | 1 | 1000000 | 600000 |
| വെറ്ററിനറി സർജൻ | 10 | 8 | 5190800 | 3890264 |
| ഡെയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 2300000 | 1406555 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 100000 | 40000 |
| ആകെ | 271 | 188 | 226183658 | 83564353 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 333 | 1497396 | 1497729 | 1497729 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 59431004 | 59431004 | 59431004 | 0 |
| ആകെ | | 60928400 | 60928733 | 60928733 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| *പെൻഷൻ ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *ചെലവ് തുക* |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 4194 | 50864700/- |
| വിധവാ പെൻഷൻ | 1805 | 22227400/- |
| കർഷക തൊഴിലാളി പെൻഷൻ | 200 | 2715000/- |
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 468 | 5909200/- |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 59 | 742400/- |
| തൊഴിൽ രഹിത വേതനം | 8 | 5160/- |

## 1-8 ക്യാഷ് പരിശോധന

ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 29-09-2023, 11.45 A. M.-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 12,582/- (പന്ത്രണ്ടായിരത്തി അഞ്ഞൂറ്റി എൺപത്തി രണ്ട്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ടെങ്കിലും മേൽനോട്ടം കൃത്യമല്ല. നികുതി നിർണ്ണയത്തിലെ അപാകതകൾ മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരുടെ വീഴ്ചമൂലമാണ് ഉണ്ടായിട്ടുള്ളത്. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പഞ്ചായത്ത് കമ്മറ്റിയുടെ മിനുട്ട്സ് പൂർത്തിയാക്കുന്നില്ല. പഞ്ചായത്തിലെ കരാർ ജീവനക്കാരുടെ നിയമാനുസൃത ലീവുകൾ രേഖപ്പെടുത്താൻ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ബജറ്റും വരവുകളുമായുള്ള അന്തരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയോ ഉചിത നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ആസ്തി രജിസ്റ്ററിലെ ന്യൂനതകൾ പരിഹരിച്ച് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

വിവിധ ക്ഷേമ പെൻഷനുകൾ വാങ്ങുന്ന ഗുണഭോക്താക്കൾ മരണപ്പെടുമ്പോൾ ഗുണഭോക്തൃപട്ടികയിൽ നിന്നും അവരെ ഒഴിവാക്കുന്നില്ല. 2020-ൽ മരണപ്പെട്ടവർക്ക് നിലവിലും പെൻഷൻ നൽകിവരുന്നു. പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങുന്നില്ല. പുതുതായി അനുവദിക്കുന്ന അപേക്ഷകൾ ഗ്രാമസഭയുടെ അംഗീകാരത്തിനു സമർപ്പിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളും, വിതരണവും കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. സ്യൂട്ട് രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും (പരാതികക്ഷികൾ, ഏതിർ കക്ഷികൾ, കേസിന്റെ സംക്ഷിപ്തം, ഹാജരാകുന്ന വക്കീൽ, കേസിന്റെ പുരോഗതി/നിലവിലെ അവസ്ഥ) എന്നിവ ചേർത്ത് കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.12.2019 | 2014-15 മുതൽ 2018-19 വരെ | 24.1.2020 |
| പെർഫോമൻസ് ഓഡിറ്റ് | 26.2.2022 | 4/2021 മുതൽ 12/2021 വരെ | ലഭ്യമല്ല |

## 1-11 തനതു വരുമാന സമാഹരണം-അവലോകനം.

സാമാന്യം ഭേദപ്പെട്ട വരുമാന സ്രോതസുകൾ പഞ്ചായത്തിനുണ്ടെങ്കിലും പുതിയ വരുമാനമേഖല സംബന്ധിച്ച് നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതിനും സമാഹരിക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2022-23 വർഷം തീരുമാനം എടുത്തിട്ടില്ല. ബജററും വരവുകളുമായുള്ള അന്തരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയോ ഉചിത നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, വസ്തു നികുതി, തൊഴിൽ നികുതി,സേവന നികുതി എന്നീ നികുതികളും, ലൈസൻസ് ഫീ, പെർമിററ് ഫീ, രജിസ്ട്രേഷൻ ഫീ, വാടക, ലേലം, പിഴ, നിക്ഷേപങ്ങളിൽ നിന്നുള്ള വരവുകൾ , മററു വരവുകൾ തുടങ്ങിയ നികുതിയേതര വരവുകളുമാണ് പഞ്ചായത്തിലെ പ്രധാനപ്പെട്ട വരുമാന സ്രോതസുകൾ.

വിവിധ തനത് വരവുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

വസ്തു നികുതി.

(I)ഗ്രാമപ്പഞ്ചായത്തിലെ പ്രധാന തനതു വരുമാന മാർഗ്ഗമായ വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല. വസ്തു നികുതി കണക്കുകളുമായി ബന്ധപ്പെട്ട് സഞ്ചയയും വാർഷിക ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. 2018-19 മുതലുള്ള വസ്തുനികുതിയുടെ പിരിവ് ഇപ്രകാരമാണ്.

| വർഷം | ഡിമാന്റ് | കളക്ഷൻ | ശതമാനം |
|---|---|---|---|
| 2018-19 | 3848588 | 2906560 | 75.52% |
| 2019-20 | 4216888 | 3497471 | 82.93% |
| 2020-21 | 4340719 | 3147142 | 72.50% |
| 2021-22 | 4735180 | 3368267 | 71.13% |
| 2022-23 | 5547932 | 3626819 | 65.37 |

വസ്തുനികുതിയുടെ പിരിവ് ശതമാനം വളരെ കുറവാണ്. വസ്തുനികുതി പൂർണ്ണമായും പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

(II)പുതുക്കിയ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നില്ല.

തദ്ദേശ സ്വയംഭരണ(ആർസി) വകുപ്പിന്റെ 22.03.2023 ലെ സ.ഉ.(കൈ)നം. 77/2023/LSGD പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇതിൻ പ്രകാരം അടിസ്ഥാന നികുതി നിരക്കുകളുടെ കരട് തയ്യാറാക്കി 29.05.2023ൽ വിജ്ഞാപനം ചെയ്തു. ജനറൽ കമ്മിറ്റി തീരുമാനം നം-5(1) പ്രകാരം അടിസ്ഥാന നികുതി നിരക്കുകൾ ഫൈനൽ തയ്യാറാക്കി 24.09.23ൽ വിജ്ഞാപനം ചെയ്തു. എന്നാൽ ഇതനുസരിച്ച് സോഫ്റ്റ് വെയർ അപ്ഡേഷൻ നടത്തിയിട്ടില്ല. ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി ഡാറ്റാ ലോക്ക് ചെയ്തിട്ടുമില്ല.പുതുക്കിയ നിരക്ക് പ്രകാരമുള്ള നികുതി രേഖപ്പെടുത്തുവാനുള്ള ഓപ്ഷൻ സോഫ്റ്റ് വെയറിൽ ലഭ്യമായിട്ടില്ല.

വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ടുള്ള തുടർനടപടികൾ അടിയന്തിരമായി പൂർത്തീകരിക്കുവാൻ പഞ്ചായത്ത് ഭരണ സമിതി പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

(iii)സേവന ഉപനികുതി ഈടാക്കുന്നില്ല -വരുമാന നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും നിയമത്തിലെ 207 (1) ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്തതുമായ കെട്ടിടങ്ങളിൽ നിന്നും പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഉപനികുതി ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഈ നികുതി ഈടാക്കുന്നില്ല. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് ഈ വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി കമ്മിറ്റിയിൽ ചർച്ചചെയ്ത് ഉചിതമായ നടപടികൾ കൈക്കൊള്ളാവുന്നതുമാണ്.

(iv)അനധികൃത കെട്ടിട നിർമ്മാണം കണ്ടെത്തി നികുതി ഈടാക്കണം .

ഗ്രാമപഞ്ചായത്തിൽ 57 അനധികൃത കെട്ടിടങ്ങളുണ്ട്.പഞ്ചായത്ത് പ്രദേശത്ത് അനധികൃത കെട്ടിട നിർമ്മാണങ്ങളും, നിലവിലുള്ള കെട്ടിടങ്ങളിലെ അനധികൃത കൂട്ടിച്ചേർക്കലുകളും വ്യാപകമായി നടന്നുവരുന്നുണ്ട്. അവ കണ്ടെത്തുന്നതിനും നികുതി ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

ലൈസൻസ്

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാ റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്. ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യം പരിശോധിക്കേണ്ടതും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. FTE&OS ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കുന്നുണ്ടെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല.ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളെയും ചട്ടപ്രകാരമുള്ള ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കാര്യക്ഷമമായി ഇടപെടൽ നടത്തേണ്ടതാണ്.ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതുമൂലം പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനത്തിൽ നല്ലൊരു തുക കുറവു വന്നിട്ടുണ്ട്.

തൊഴിൽ നികുതി

ഈടാക്കുവാൻ അവശേഷിക്കുന്ന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കി തനതു വരുമാനം വർദ്ധപ്പിക്കുന്നതിന് ഭരണ സമിതി നടപടി സ്വീകരിക്കേണ്ടതാണ്.

വാടക

2022-23 വർഷത്തിൽ കടമുറികൾ വാടകയ്ക്കു നൽകുവാൻ കഴിയാതെ ഒഴിഞ്ഞു കിടക്കുന്നതിനാൽ തനതു വരുമാന ശോഷണമുണ്ടായിട്ടുണ്ട്.ഒഴിഞ്ഞു കിടക്കുന്ന കടമുറികൾ ഉപയോഗ്യമാക്കേണ്ടതാണ്.വാടകയുടെ ഡി.സി.ബി.വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി കാലികമാക്കേണ്ടതുണ്ട്.

വിനോദ നികുതി

ഗ്രാമപഞ്ചായത്തിൽ 5-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന പടപ്പാറ ,4-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന രാക്ഷസൻപാറ,11-ാം വാർഡിലുള്ള രാജഗിരി വെള്ളച്ചാട്ടം എന്നിവ ടൂറിസം ആവശ്യത്തിനായി വികസിപ്പിച്ച് പ്രയോജനപ്പെടുത്താവുന്ന പ്രദേശങ്ങളാണ്. ഇവയെല്ലാം ജില്ലാ ടൂറിസം പദ്ധതിയിലുൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾ നടത്താനായാൽ പ്രാദേശിക വികസനവും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അതുവഴി ഗ്രാമപഞ്ചായത്തിന് വരുമാന വർദ്ധനവിനും വഴിയൊരുക്കും. ടൂറിസത്തിലധിഷ്ഠിതമായി വികസന പ്രവർത്തനങ്ങൾ നടത്തി വരുമാനം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്ത് അധികൃതർ ശ്രമിക്കേണ്ടതാണ്.

പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ (കൈ) നം. 84/22 തസ്വഭവ തീയതി 19/04/2022)ഉത്തരവ് ഖണ്ഡിക 5.1 ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.പുതിയ തനതുവരുമാന മേഖല സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതിനും നിശ്ചിത സമയ പരിധിക്കുള്ളിൽ ആയവ സമാഹരിക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതും, നികുതി പിരിവു സംബന്ധിച്ച് കാര്യമായ അവലോകനങ്ങൾ നടത്തുവാനും ബജററിൽ നിർദ്ദേശിച്ചിട്ടുള്ള തനതു വരുമാനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും സാമ്പത്തിക വർഷാവസാനത്തിൽ കുടിശ്ശിക അവശേഷിക്കുന്നില്ലെന്നും ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-12 കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള മുഴുവൻ ഭാഗത്തിന്റെയും വസ്തുനികുതി നിർണ്ണയിച്ചില്ല

ശ്രീ സോണി സിജു, സിസുഭവനം, കലഞ്ഞൂർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ റീസർവ്വേ നം. 145/5-1ൽ നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള മുഴുവൻ തറ വിസ്തീർണ്ണവും നികുതി നിർണ്ണയത്തിൽ ഉൾപ്പെട്ടിട്ടില്ല. ബിൽറ്റ് അപ്പ് ഏരിയ 220.35ച.മീറ്റർ ഉള്ള പ്രസ്തുത കെട്ടിടത്തിന്റെ ഭൂനിരപ്പ് നില, ഒന്നാം നില എന്നിവയ്ക്ക് ചുവടെ പറയും പ്രകാരം നികുതി നിർണ്ണയിച്ചിട്ടുണ്ട്.

| കെട്ടിട നം | നികുതി നിർണ്ണയിച്ചത് പ്ലിന്ത് ഏരിയ (ച.മീറ്റർ) |
|---|---|
| XVI/986 | 93.46 |
| XVI/987 | 109.03 |
| ആകെ | 202.49 |

എന്നാൽ 17.86ച.മീറ്റർ തറ വിസ്തീർണ്ണമുള്ള സ്റ്റെയർ റൂമിന്റെ നികുതി നിർണ്ണയിച്ചിട്ടില്ല. നികുതി നിർണ്ണയത്തിലെ അപാകത ഓഡിറ്റ് എൻക്വയറി (20/23.09.2023) മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി. നികുതി നിർണ്ണയം പുന:പരിശോധിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 തറ നിർമ്മാണത്തിന് ബാധകമായ നികുതി വർദ്ധനവ് വരുത്തിയില്ല

മേൽത്തരം നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ച് തറ നിർമ്മിച്ചിട്ടുള്ള, 250 ച.മീറ്ററിലധികം തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 ന്റെ ആറാം പട്ടികയിൽ പറയും പ്രകാരം അടിസ്ഥാന വസ്തുനികുതിയിന്മേൽ 15ശതമാനം വർദ്ധനവ് വരുത്താവുന്നതാണ്. എന്നാൽ 250 ച.മീറ്ററിലധികം തറ വിസ്തീർണ്ണമുള്ള, ചുവടെ പറയുന്ന കെട്ടിടങ്ങൾ മതിയായ പരിശോധന കൂടാതെ സാധാരണ തറ (മൊസൈക്ക്, തറയോട്, സിമന്റ്, റെഡ് ഓക്സൈഡ്) എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തുകയും നികുതി വർദ്ധനവിൽനിന്ന് ഒഴിവാക്കുകയും ചെയ്തു.

| ക്രമ നം | കെട്ടിട നം./ഉടമയുടെ പേര് | കെട്ടിടത്തിന്റെ തരം | തറ വിസ്തീർണ്ണം |
|---|---|---|---|
| 1 | XVII/688ശ്രീ ഹരികുമാർ | പാർപ്പിടം | 282.16 |
| 2 | III/715 ശ്രീ ബിനുരാജ് | പാർപ്പിടം | 274.31 |
| 3 | XVII/972 ശ്രീ ജോർജ്ജ് മാത്യു | പാർപ്പിടം | 335.83 |
| 4 | XVII/989 ശ്രീ ജോർജ്ജ് മാത്യു | പാർപ്പിടം | 272.48 |
| 5 | II/416 ശ്രീ തോമസ് ഫിലിപ്പ് | പാർപ്പിടം | 260.68 |

മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തെപ്പറ്റി ഓഡിറ്റ് എൻക്വയറി (16/21.09.2023) മുഖേന സെക്രട്ടറിയോട് ആരാഞ്ഞു. തറനിർമ്മാണം സംബന്ധിച്ച് പരിശോധന നടത്തി നികുതി പുനർ നിർണ്ണയിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 നിരക്ക് നിശ്ചയിച്ചതിൽ അപാകത – നികുതി നിർണ്ണയിച്ചതിൽ കുറവ്

ശ്രീ ബിജു ജോൺ പാറക്കടവിൽ, ശ്രീ റെജി സാമുവൽ, മുളമൂട്ടിൽ ഹൗസ് എന്നീ വ്യക്തികളുടെ ഉടമസ്ഥതയിൽ റീസർവ്വേ നം.5/9, 5/13, 5/14 ൽപ്പെട്ട സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള വാണിജ്യാവശ്യ കെട്ടിടത്തിന് ചുവടെ ചേർക്കും പ്രകാരം കെട്ടിട നമ്പർ നൽകിയിട്ടുണ്ട്.

| ക്രമ നം | കെട്ടിട നം | ഏരിയ (ച.മീ.) |
|---|---|---|
| 1 | XVIII/970 | 135.49 |
| 2 | XVIII/971 | 25.14 |
| 3 | XVIII/973 | 33.36 |
| ആകെ | | 193.99 |

ഇവയിൽ ക്രമ നം 1ന് ച.മീറ്ററിന് 60 രൂപ നിരക്കിലും മറ്റുള്ളവയ്ക്ക് ച.മീറ്ററിന് 35 രൂപ നിരക്കിലുമാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ കെട്ടിടത്തിന് ഒരേ ഉടമസ്ഥതയും ഉപയോഗക്രമവുമുള്ളതിനാൽ, 1994-ലെ കേരള

പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പ് ബാധകമാകുന്നതാണ്. ഇതു പ്രകാരം മുഴുവൻ കെട്ടിട ഭാഗത്തിനും ച.മീറ്ററിന് 60 രൂപ നിരക്കിലായിരുന്ന നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്.

മുഴുവൻ കെട്ടിട ഭാഗങ്ങൾക്കും 100 ച.മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള, കെട്ടിടത്തിന് ബാധകമായ നിരക്കിനു (₹60/m2) പകരം, 100ച.മീറ്ററിൽ കുറവുള്ള കെട്ടിടത്തിന്റെ നിരക്കുകൂടി(₹35/m2) ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ പഞ്ചായത്തിനു നഷ്ടമുണ്ടായി.

നികുതി നിരക്ക് നിശ്ചയിച്ചതിലെ കുറവ് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (17/21.09.2023) മുഖേന സെക്രട്ടറിയോട് ആരാഞ്ഞു. നികുതി പുനർ നിർണ്ണയിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗിന് ബാധകമായ അധിക നികുതി ചുമത്തിയില്ല

സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ് സംവിധാനമുള്ള കെട്ടിടത്തിന് ബാധകമായ നികുതി വർദ്ധനവ് ഏർപ്പെടുത്താതിരുന്നതിനാൽ പഞ്ചായത്തിന് നഷ്ടമുണ്ടായി. ശ്രീ ബിജു ജോൺ പാറക്കടവിൽ, ശ്രീ റെജി സാമുവൽ, മുളമൂട്ടിൽ ഹൌസ് എന്നീ വ്യക്തികളുടെ ഉടമസ്ഥതയിൽ റീസർവ്വേ നം.5/9, 5/13, 5/14 ൽപ്പെട്ട സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള XVIII/969 എന്ന നമ്പരിലുള്ള വാണിജ്യാവശ്യ കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചതിലാണ് ഇപ്രകാരം കുറവുണ്ടായിട്ടുള്ളത്. ഇത്തരം കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ 15% വർദ്ധനവ് ഏർപ്പെടുത്താവുന്നതാണെന്ന് 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം ൽ പറഞ്ഞിട്ടുണ്ട്.

മേൽപ്പറഞ്ഞ കെട്ടിട ഭാഗത്തിന്റെ വിസ്തീർണ്ണം 125.72ച.മീറ്ററാണ്. കെട്ടിട ഉടമ സമർപ്പിച്ചിട്ടുള്ള കംപ്ലീഷൻ പ്ലാൻ പ്രകാരം ഇവിടെ സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ് സൗകര്യമുണ്ട്. നിലവിൽ പ്രസ്തുത കെട്ടിടത്തിൽ റിലയൻസ് സ്മാർട്ട് പോയിന്റ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നതായി ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ കണ്ടു.

ഒക്യുപൻസി അനുവദിച്ചതിന് ശേഷം വരുത്തുന്ന മാറ്റങ്ങൾ കണ്ടെത്തുന്നതിന് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തണമെന്ന് കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടപ്രകാരം നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

## 1-16 സേവന ഉപനികുതി ഏർപ്പെടുത്തിയില്ല

പഞ്ചായത്ത് രാജ് നിയമ പ്രകാരം ഗ്രാമപ്പഞ്ചായത്തു പ്രദേശത്തെ കെട്ടിടങ്ങളുടെ വസ്തുനികുതിയോടൊപ്പം സേവന ഉപനികുതികൂടി ഈടാക്കാവുന്നതാണെങ്കിലും കലഞ്ഞൂർ ഗ്രാമപ്പഞ്ചായത്ത് നാളിതുവരെ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല.

ഒരു പഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്നതും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പ് പ്രകാരം സേവന ഉപനികുതിയിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ നൽകുകയാണെങ്കിൽ ഗ്രാമപ്പഞ്ചായത്ത് അംഗീകരിക്കുന്ന നിരക്കിൽ സേവന ഉപനികുതികൾ ചുമത്താവുന്നതാണെന്നും എന്നാൽ അപ്രകാരം ചുമത്തുന്ന സേവന ഉപനികുതി 27-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിരക്കിൽ കുറയാൻ പാടുള്ളതല്ലയെന്നും 2011-ലെ കേരള കേരളാ പഞ്ചായത്തിരാജ്(വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 26-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ നാളിതുവരെ പഞ്ചായത്ത് ഈ സാധ്യത പ്രയോജനപ്പെടുത്തിയിട്ടില്ല. 27-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കുറഞ്ഞ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% |
| 2 | ജലവിതരണം | വസ്തു നികുതിയുടെ 3% |
| 3 | തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% |
| 4 | ഡ്രെയിനേജ് | വസ്തു നികുതിയുടെ 1% |

തെരുവ് വിളക്ക് തെളിയിക്കൽ, കുടിവെള്ള വിതരണം, ശുചിത്വ പരിപാലനം ഇനങ്ങളിൽ വർഷാവർഷം ഗ്രാമപ്പഞ്ചായത്തിന് വലിയ തുക ചെലവുണ്ട്. ഈ സാഹചര്യത്തിൽ സേവന ഉപനികുതി ഏർപ്പെടുത്താതിരിക്കുന്നതിന് പ്രത്യേക കാരണം ഉണ്ടെങ്കിൽ വ്യക്തമാക്കുന്നതിനായി സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (15/21.09.2023) നൽകി. വിഷയം പഞ്ചായത്ത് കമ്മറ്റിയിൽ അവതരിപ്പിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു.

## 1-17 വാടക ഒഴിവാക്കി നൽകി

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് വക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളുടെ വാടക ഒഴിവാക്കി നൽകിയിരിക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ വിവരം | വാടകക്ക് നൽകിയിരിക്കുന്ന സ്ഥാപനം | കെട്ടിട നമ്പർ |
|---|---|---|---|
| 1 | നീതി മെഡിക്കൽ സ്റ്റോർ (കലഞ്ഞൂർ സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക് ഉടമസ്ഥതയിൽ) | കലഞ്ഞൂർ മാർക്കറ്റ് പുതിയ ബിൽഡിംഗ്- | റൂം നം-16/565 |
| 2 | VFPCK - വിപണി | കലഞ്ഞൂർ മാർക്കറ്റ് പുതിയ ബിൽഡിംഗ്- | റൂം നം-16/563 |
| 3 | ഡയറി കോ- ഓപ്പറേറ്റീവ് സൊസൈറ്റി-കലഞ്ഞൂർ | കലഞ്ഞൂർ മാർക്കറ്റ് പുതിയ ബിൽഡിംഗ്- | റൂം നം-16/561 |

മുകളിൽ ചൂണ്ടിക്കാട്ടിയ സ്ഥാപനങ്ങൾക്ക് നാളിതുവരെ വാടക ഈടാക്കാഞ്ഞതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം-23/19-20തീയതി 23/10/2021 ) ലഭ്യമാക്കിയ മറുപടിയിൽ മേൽ സൂചനയിലെ 3 കടമുറികൾക്ക് വാടകയിൽ നൽകിയ ഇളവ് ഒഴിവാക്കി,വാടക ഈടാക്കുന്നതിന് 17.10.2022 ലെ ഗ്രാമപഞ്ചായത്ത് കമ്മററിയിൽ തീരുമാനിച്ച് (തീരുമാന നംപർ-14(9)) ഉടർനടപടികൾ സ്വികരിച്ചു വരുന്നുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. വാടക ഈടാക്കി വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-18 തൊഴിൽ നികുതി-പിരിവ് ഊർജ്ജിതമാക്കണം.

പഞ്ചായത്ത് രാജ് നിയമം 204ാം - വകുപ്പ്, 1996 ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനം, ബിസിനസ്സ്, തൊഴിൽ, കല, ജോലി, ഉദ്യോഗം, എന്നിവ ചെയ്യുന്ന ഏതൊരാളിൽ നിന്നും നികുതി ഈടാക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ 2022-23 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവയുടെ പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും 2022-23 വർഷത്തിൽ തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

1. അക്ഷയ കേന്ദ്രം, കലഞ്ഞൂർ.

2. സായി പോളിക്ലിനിക്ക്, പാടം.

3.താവളത്തിൽ ഓൺലൈൻ ഹബ്.കൂടൽ.

11. ചുവടെ ചേർത്തിട്ടുള്ള പാലുല്പാദക സംഘത്തിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

1. പാലുല്പാദക സഹകരണ സംഘം, കലഞ്ഞൂർ.

2. പാലുല്പാദക സഹകരണ സംഘം, നിരത്തുപാറ.

3. പാലുല്പാദക സഹകരണ സംഘം, മുറിഞ്ഞകൽ.

III. പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ചെയ്യുന്ന ചുവടെ ചേർത്തിട്ടുള്ള അംഗീകൃത കരാറുകാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല. ഇവർ മറ്റേതെങ്കിലും ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

1. ശശിധരൻ പിള്ള, സന്ധ്യാ നിലയം.

2. ചന്ദ്രബാബു എം, ശിവരാജ വിലാസം, കലഞ്ഞൂർ.

3. ഷിജു ഉത്തമൻ,പുതുമന വീട്,ചാങ്കൂർ.

4. ജയിംസ് ജോൺ,മൈലാടും പാറ ഹൗസ്,കലഞ്ഞൂർ.

5. എ.ജോസ്,തോപ്പിൽ ഹൗസ്,കലഞ്ഞൂർ.

6.ടിന ജോസ്,തോപ്പിൽ ഹൗസ്,കലഞ്ഞൂർ.

7.അമ്പിളിധരൻ നായർ.ജെ., വിളയിൽ വീട്, കലഞ്ഞൂർ.

8.ഷിബു. ഇ.സാമുവേൽ, ഇളണ്ണാട്ട് ഹൗസ് കൂടൽ

9.അജിത്ത് എസ്. മൂർത്തിമണ്ണിൽ, കൂടൽ.

10.അരുൺ രാജ്. ശ്രീരാഗം.

11.ബിനു ജോർജ്ജ്, ചരുവിൽ തെക്കേതിൽ, കലഞ്ഞൂർ.

12. ജോസ്.എ.തോപ്പിൽഹൗസ്.

13.ബാവക്കണ്ണ് റാവുത്തർ സലിം, തോട്ടരികുപുരയിടം.

14. അഖിൽ.വി. എസ്,ലീല സദനം.അടൂർ

IV.ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ നിരവധി സ്ഥാപനങ്ങളിൽ ജീവനക്കാർ ദിവസ / മാസ ശമ്പളത്തിന് ജോലിയിലേർപ്പെട്ടിരിക്കുന്നതായി, 2022-23 സാമ്പത്തിക വർഷത്തേക്കുള്ള ലൈസൻസ് അപേക്ഷകളിൽ സ്ഥാപന ഉടമകൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവരിൽനിന്ന് നിയമാനുസൃതമായി ഈടാക്കേണ്ട തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | വാർഡ് |
|---|---|---|---|
| 1. | സുഹൃത്ത് ട്രേഡിംഗ് കോൺട്രാക്ടിംഗ് പ്രൈവററ് Ltd. | 2 | 4 |
| 2. | ഗ്ളോബൽ എഫ്.എഫ്.ടൂ വീൽ ഗ്യാരേജ്. | 2 | 4 |
| 3 | അമൃത-ആര്യഡ്രഗ്സ്. | 5 | 2 |
| 4 | നാവിഗേററർ ആഗ്രോ ഫുഡ് ട്രേഡേഴ്സ്. | 3 | 18 |
| 5 | ഹൈഡ്രോ കെയർ ഓട്ടോ വർക്സ് | 19 | 3 |
| 6 | K TOWN 360 AUTO CARE | 4 | 15 |
| 7 | We Trust Multi Brand Used Car | 4 | 4 |
| 8 | പാറയ്ക്കൽ മോട്ടോഴ്സ് | 5 | 17 |
| 9 | ഐശ്വര്യ ഡയറി ഫാം | 6 | 4 |
| 10 | റിലയൻസ് റീറെയിൽ Ltd | 3 | 18 |
| 11 | അനന്തപുരി വർക്ക് ഷോപ്പ്&റെൻറ്ൽ | 6 | 4 |
| 12 | സെഞ്ചുറി ബ്രിക്സ്. | 3 | 10 |
| 13 | കോപ്പർ ചിമ്മിനി ഹോട്ടൽ | 3 | 1 |

തൊഴിൽനികുതി ഈടാക്കാതിരിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/15.09.23),മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നികുതി ഈടാക്കുന്നതിനായി രജിസ്റേറർഡ് നോട്ടീസ് നല്കിയിട്ടുണ്ടെന്ന മറുപടിയാണ് സെക്രട്ടറി ലഭ്യമാക്കിയത്.ഇത്തരത്തിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ ഡേറ്റ ബേസ് തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടപ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ കൊടുത്തിരിക്കുന്ന സ്വകാര്യ ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും 2022-23 സാമ്പത്തിക വർഷം കേരള പഞ്ചായത്ത്രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ) 1997ചട്ടം പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടില്ല.

| ക്രമ. നം. | സ്ഥാപന ഉടമയുടെ വിവരം | സ്ഥാപനത്തിന്റെ വിവരങ്ങൾ. | വാർഡ് നം. |
|---|---|---|---|
| 1 | രശ്മി. എൽ.സി,<br>എള്ളുകാലാ പുത്തൻ വീട് ,കൂടൽ. | ആയുർവ്വേദ ക്ളിനിക്ക്. | 15 |
| 2 | Dr. ഷിവ്കുമാർ.s,<br>സൗപർണ്ണിക,<br>കൂടൽ . | S.D.A. ആയുർവേദ വൈദ്യശാല. | 18 |
| 6 | Dr.സതീ രാജൻ, | ഹോമിയോ ക്ളിനിക്ക്. | 16 |

| | | | |
|---|---|---|---|
| | നാരായണീയം. | | |

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-20 ലേല തുക പൂർണ്ണമായും ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള കൂടൽ മാർക്കറ്റിൽ താത്കാലിക സ്റ്റാൾ കെട്ടി, അംഗീകൃത കശാപ്പ് കേന്ദ്രങ്ങളിൽനിന്നും മാംസം കൊണ്ടുവന്ന് വില്പന നടത്തുന്നതിനുള്ള അവകാശം 31.03.2022 ലേലം ചെയ്തതിൽ, ഏറ്റവും ഉയർന്ന തുക വിളിച്ച ശ്രീ സ്കറിയ, പടപ്പയ്ക്കൽ എന്ന വ്യക്തിക്ക് പഞ്ചായത്ത് ബൈലോ പ്രകാരം പിരിക്കുന്നതിനുള്ള ലേല അവകാശം 11.04.2022 ലെ3(1)ാം നമ്പർ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തി നൽകുകയും ചെയ്തു. 1525000 രൂപയായിരുന്ന ലേലത്തുക. അതിൽ 2,00,000 രൂപ മാത്രമാണ് ടിയാൻ ഒടുക്കുവരുത്തിയിട്ടുള്ളത്. ബാക്കി തുകയായ 13,00,000 രൂപയ്ക്ക് ആർ.ആർ. നടപ്പിലാക്കിയിരുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ (നമ്പർ - 03/22-23 തീയതി - 20.09.23) കുറിപ്പിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുള്ളതാണ്. ടി മാർക്കററ് പൊളിച്ച് പുതുക്കി പണിയുന്നതിന്റെ ഭാഗമായി കട മുറികൾ ഒഴിപ്പിക്കുന്നതിന് പഞ്ചായത്ത് നോട്ടീസ് നല്കിയിരുന്നു. പകരം സംവിധാനം നൽകാമെന്ന വ്യവസ്ഥയിലാണ് ടിയാൻ ലേലം കൈകൊണ്ടത്. എന്നാൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും അടിസ്ഥാന സൗകര്യങ്ങൾ നല്കിയിട്ടില്ലാത്തതിനാലാണ് ലേലം ഉറപ്പിച്ചയുടൻ മുഴുവൻ തുകയും അടയ്ക്കാതിരുന്നത്. അടിസ്ഥാന സൗകര്യത്തിന്റെ അഭാവത്തിൽ 2022-23 ലെ ലേലം അസാധു ആക്കുന്നതിനും 16.05.2022 ലെ യോഗത്തിൽ (തീരുമാന നമ്പർ-4) തീരുമാനമെടുത്തിട്ടുള്ളതാണ്. കൂടാതെ കടുത്ത സാമ്പത്തിക പ്രതിസന്ധിയും, ഇറച്ചി ലേലത്തിനു ശേഷം ഒരു മാസ കാലയളവിലേക്കു പോലും വ്യാപാരം നടത്തുവാൻ കഴിയാഞ്ഞതും കണക്കിലെടുത്ത് ടിയാനെ 16.05 2022 ലെ യോഗത്തിൽ (തീരുമാനനംപർ-5) ബാക്കി തുക ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയും തീരുമാനമെടുത്തിട്ടുള്ളതാണെന്ന മറുപടിയാണ് സെക്രട്ടറി ലഭ്യമാക്കിയിട്ടുള്ളത്. ഭരണ സമിതി മുൻകൂട്ടി അടിസ്ഥാന സൗകര്യങ്ങൾ വിശകലനം ചെയ്ത് തീരുമാനിച്ചിരുന്നുവെങ്കിൽ ഇത്തരത്തിലുള്ള ലേല നടപടികളിലുണ്ടായ വീഴ്ച ഒഴിവാക്കുവാൻ സാധിക്കുമായിരുന്നു. ഭാവിയിൽ ഇത്തരം പോരായ്മകൾ ഉണ്ടാകാതെയിരിക്കുന്നതിനു ഭരണ സമിതി സജീവമായ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-21 പാറക്വാറികളുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പാറക്വാറികളുടെ എണ്ണം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.28/27.09.2023) 8 പാറക്വാറികൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. പാറക്വാറികളുടെ പ്രവർത്തനം മൂലം പാരസ്ഥിതികപ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ നിരന്തര നിരീക്ഷണവും ഇടപെടലുകളും ഉണ്ടാകേണ്ടതാണ്. കൂടാതെ ഈ സ്ഥാപനങ്ങളിൽ നിന്നും ഗ്രാമപഞ്ചായത്തിന് നിയമാനുസൃതം ലഭിക്കേണ്ട നികുതികളും ഫീസുകളും ഈടാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. അനധികൃതമായി ക്വാറികൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയത് സംബന്ധിച്ച അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് അധികൃതർ പ്രത്യേകം ശ്രദ്ധചെലുത്തേണ്ടതാണ്.

## 1-22 പദ്ധതി നിർവ്വഹണം ഫലപ്രാപ്തിയിൽ എത്തുന്നത് സംബന്ധിച്ച അവലോകനമില്ല

2022-23 ൽ താഴെ പ്രതിപാദിക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ വഴി പഞ്ചായത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ടി പദ്ധതികൾ നടപ്പിലാക്കുന്നത് വഴി ലഭിക്കേണ്ടിയിരുന്ന ഫലപ്രാപ്തി കൈവരിച്ചിട്ടുണ്ടോ എന്ന് യാതൊരു വിധ അവലോകനവും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ പേര്, നം | നല്കിയ യൂണിറ്റ് | ചെലവ് |
|---|---|---|---|---|
| 1 | കൃഷി ഓഫീസർ | കിഴങ്ങ് കൃഷി വ്യാപനം, 272/23(SO) | 3200 | 4000000 |
| 2 | | കിഴങ്ങ് കൃഷി വ്യാപനം, 298/23 | 1656 | 1656000 |
| 3 | | വെറ്റില കൃഷി, 201/23 | 298 | 372300 |
| 4 | | പച്ചക്കറി കൃഷി, 180/23 | 280 | 416500 |
| 5 | | ഫലവൃക്ഷതൈ വിതരണം, 209/23 | 100 | 220000 |
| 6 | | തേനീച്ച വളർത്തൽ, 200/23 | 110 | 164000 |

| | | | | |
|---|---|---|---|---|
| 7 | വെറ്റിനറി സർജൻ | മുട്ടക്കോഴി വിതരണം, 161/23 | 1592 | 954600 |
| 8 | | മുട്ടക്കോഴി വിതരണം, 49/23(SO) | 1001 | 600000 |
| 9 | | പോത്തുക്കുട്ടി വിതരണം, 162/23-ജനറൽ | 51 | 697000 |
| 10 | | പോത്തുക്കുട്ടി വിതരണം, 163/23-എസ് സി പി | 17 | 527000 |
| 11 | | ആട്ട വളർത്തൽ, 159/23-ജനറൽ | 29 | 486000 |
| 12 | | ആട്ട വളർത്തൽ, 160/23-എസ് സി പി | 21 | 310800 |

കേരളത്തിന്റെ സുസ്ഥിര വികസനം ലക്ഷ്യമാക്കി നേട്ടങ്ങൾ വർധിപ്പിക്കുന്നതിനും സാമ്പത്തിക വളർച്ച ഉറപ്പാക്കുന്നതുമായിരിക്കണം നടപ്പിലാക്കപ്പെടുന്ന പദ്ധതികൾ. കേരളത്തിന്റെ സാമ്പത്തിക വികസനത്തിന് ഗതിവേഗം നല്കുകയെന്നതാകണം പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങളിൽ പ്രധാനം. ഉത്പാദനം, ഉത്പാദനക്ഷേമം എന്നിവ വർധിപ്പിക്കുക വഴി സുസ്ഥിരമായ സാമ്പത്തിക നേട്ടം കർഷകർക്ക് ഉണ്ടാകുന്ന രീതിയിലായിരിക്കണം പദ്ധതികൾ ആവിഷ്കരിച്ച് നിർവ്വഹണം ചെയ്യേണ്ടത്.പദ്ധതിമാർഗരേഖ സ.ഉ.കൈ നം.84/2022/LSGD തീയതി 19.04.2022 ഖ.3.1.2.13 ൽ അതത് വർക്കിങ് ഗ്രൂപ്പുകൾ പ്രോജക്റ്റ് മോണിട്ടറിങ് നിർവ്വഹിക്കേണ്ടതാണെന്നും വർക്കിങ് ഗ്രൂപ്പ് പ്രോജക്റ്റ് നിർവ്വഹണത്തിനു ശേഷം മോണിട്ടറിങ് കമ്മിറ്റികളായി പ്രവർത്തിക്കണമെന്നും നിഷ്കർഷിച്ചത് പാലിച്ചില്ല.

പഞ്ചായത്തിൽ നടപ്പിലാക്കിയ മേൽ പദ്ധതികളിലൊന്നും തന്നെ അവയുടെ ഫലപ്രാപ്തി സംബന്ധിച്ച യാതൊരുവിധ അവലോകനവും നടത്തിയതായ റിപ്പോർട്ടുകൾ ലഭ്യമാക്കിയിട്ടില്ല. മേൽ പദ്ധതികൾ സംബന്ധിച്ച അവലോകനം നടത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതും വരും വർഷങ്ങളിൽ പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച ബന്ധപ്പെട്ട മോണിട്ടറിങ് കമ്മിറ്റിയുടെ അവലോകന റിപ്പോർട്ടും കൂടി പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

## 1-23 പദ്ധതി നിർവ്വഹണം: ഉല്പാദന മേഖലയിൽ പട്ടികജാതി/പട്ടികവർഗ ഉപ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടില്ല

പതിനാലാം പഞ്ചവത്സര പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ സ.ഉ.(കൈ) നം. 84/2022/ ത.സ്വ.ഭ.വ തീയതി 19.04.2022 ലെ ഖ. നം.6.1, 6.2 പ്രകാരം പദ്ധതികൾ രൂപീകരിക്കുമ്പോൾ പട്ടികജാതി/പട്ടികവർഗ ഉപ പദ്ധതികൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകളിൽ 2022-23ൽ പട്ടിക ജാതി പട്ടികവർഗ ഉപ പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

ടി സർക്കാർ ഉത്തരവിലെ മാർഗ്ഗരേഖ 6.1, 6.2 പ്രകാരം പട്ടികജാതി/പട്ടിക വർഗ വിഭാഗക്കാരുടെ വികസനത്തിന് വേണ്ടി ഓരോ തദ്ദേശ സ്ഥാപനവും പദ്ധതിയുടെ ഭാഗമായി പട്ടിക ജാതി/പട്ടികവർഗ ഉപ പദ്ധതി കൂടി തയ്യാറാക്കണം. ഉപ പദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ല. പട്ടിക ജാതി/പട്ടിക വർഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹ്യ വികസനം, പശ്ചാത്തല സൌകര്യ വികസനം എന്നിവ കൈവരിക്കുകയായിരിക്കണം ഉപപദ്ധതിയുടെ ലക്ഷ്യങ്ങൾ. വരും വർഷങ്ങളിൽ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഉല്പാദന മേഖലയിൽ പട്ടികജാതി/പട്ടികവർഗ ഉപ പദ്ധതികൾ കൂടി ഉൾപ്പെടുത്തി നിർവ്വഹണം നടത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ജനറൽ കമ്മിറ്റി മിനിട്ട്സ് അംഗീകരിക്കുന്നതിൽ അകാരണമായ കാലതാമസം

പഞ്ചായത്ത് ഭരണസമിതിയുടെ (ജനറൽ കമ്മിറ്റിയുടെ) തീരുമാനങ്ങൾ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തുന്നത് സ.ഉ(സാധാ.) 3630/2015/തസ്വഭവ തീയതി 3.12.2015 ഉത്തരവിന്റെ പശ്ചാതലത്തിൽ സകർമ്മ സോഫ്റ്റ്‌വെയർ മുഖേനയാക്കിയിട്ടുണ്ട്. കലഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ 31.7.2017 മുതൽ സകർമ്മയിലാണ് ജനറൽ കമ്മിറ്റി മിനിട്ട്സ് രേഖപ്പെടുത്തുന്നത്. 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) 26(8) ചട്ടം പ്രകാരം പഞ്ചായത്ത് പാസ്സാക്കിയ തീരുമാനങ്ങളും പ്രമേയങ്ങളുമായ നടപടിക്കുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ അദ്ധ്യക്ഷന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. ചട്ടം 26(9) പ്രകാരം മേൽ സൂചിപ്പിച്ച അദ്ധ്യക്ഷന് ലഭിച്ച് നക്കൽ 24 മണിക്കൂറിനുള്ളിൽ പരിശോധിച്ച് വസ്തുതാപരമായി ആവശ്യമുള്ള തിരുത്തലുകൾ വരുത്തി സെക്രട്ടറിക്ക് തിരിച്ച് നൽകേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന യോഗ നടപടിക്കുറിപ്പ് സെക്രട്ടറി മിനിട്ട്സായി രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങി പകർപ്പ് ഓഫീസ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കണം എന്ന് ചട്ടം 26(10)-ൽ പറയുന്നുണ്ട്. എന്നാൽ, ഓഡിറ്റ് വർഷം ജനറൽ കമ്മിറ്റി മിനിട്ട്സ് അംഗീകരിക്കുന്നതിന് അകാരണമായ കാലതാമസം ഉണ്ടായിട്ടുണ്ട്.

| ഭരണസമിതി യോഗം കൂടിയത് | സെക്രട്ടറി അംഗീകാരത്തിനായി മിനിട്ട്സ് അയച്ചത് | അദ്ധ്യക്ഷൻ മിനിട്ട്സ് അംഗീകരിച്ചത് |
|---|---|---|
| 28.9.2022 | 19.5.2023 | 19.5.2023 |
| 12.10.2022 | 19.6.2023 | 19.6.2023 |
| 14.10.2022 | 3.2.2023 | 3.2.2023 |
| 2.11.2022 | 19.5.2023 | 19.5.2023 |
| 4.11.2022 | 19.5.2023 | 19.5.2023 |
| 6.12.2022 | 3.2.2023 | 3.2.2023 |
| 12.12.2022 | 19.5.2023 | 19.5.2023 |
| 14.12.2022 | 19.6.2023 | 19.6.2023 |
| 26.12.2022 | 3.2.2023 | 3.2.2023 |
| 7.1.2023 | 19.5.2023 | 19.5.2023 |
| 9.1.2023 | 18.8.2023 | 13.9.2023 |
| 2.2.2023 | 19.5.2023 | 19.5.2023 |
| 1.3.2023 | 10.7.2023 | 10.7.2023 |
| 14.3.2023 | 19.6.2023 | 19.6.2023 |
| 20.3.2023 | 19.6.2023 | 19.6.2023 |
| 25.3.2023 | 19.6.2023 | 19.6.2023 |
| 29.3.2023 | 19.6.2023 | 19.6.2023 |
| 31.3.2023 | 19.6.2023 | 19.6.2023 |

മേൽ വിവരങ്ങൾ പരിശോധിച്ചാൽ മിനിട്ട്സ് അംഗീകരിക്കാൻ ഏഴ് മാസം വരെയുള്ള കാലതാമസം ഉണ്ടായിട്ടുണ്ട്. അടുത്ത് പഞ്ചായത്ത് യോഗം ചേരുന്നതിന് മുൻപ് മുൻ കമ്മിറ്റിയുടെ മിനിട്ട്സ് പ്രസിഡന്റ്/ അദ്ധ്യക്ഷൻ അംഗീകരിച്ചിട്ടില്ല. ചില സന്ദർഭങ്ങളിൽ യോഗത്തിന്റെ മിനിട്ട്സ് അതിന് ശേഷം കൂടിയ യോഗത്തിന്റെ മിനിട്ട്സ് അംഗീകരിച്ച് കഴിഞ്ഞാണ് അംഗീകരിച്ചിട്ടുള്ളത്. ഉദാഹരണത്തിന് 9.1.2023-ലെ യോഗത്തിന്റെ മിനിട്ട്സ് അംഗീകരിച്ചത് 13.9.2023-ലാണെങ്കിൽ തൻ വർഷം കൂടിയ ബാക്കി കമ്മിറ്റികളുടെ മിനിട്ട്സ് 13.9.2023-ന് മുൻപ് അംഗീകരിച്ചിട്ടുണ്ട്. ഒരു കമ്മിറ്റി കൂടുന്നതിന് മുൻപ് തന്നെ മുൻ കമ്മിറ്റിയിലെ മിനിട്ട്സ് അംഗീകരിക്കണം എന്ന വ്യവസ്ഥയും പാലിക്കപ്പെട്ടിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥർക്കും, മറ്റ് സർക്കാർ ആവശ്യങ്ങൾക്കും പഞ്ചായത്തിൽ നൽകുന്ന തീരുമാനങ്ങൾ മേൽ സൂചിപ്പിച്ചത് പ്രകാരം പ്രസിഡന്റ് അംഗീകരിക്കാത്തവയാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (2/19.9.2023) തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി മിനിട്ട്സ് സമയബന്ധിതമായി പൂർത്തീകരിക്കാൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണ വകുപ്പ് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താവ് ടോയ്‌ലറ്റ് നിർമ്മാണം പൂർത്തീകരിച്ചില്ല

ഗാർഹിക ശൗചാലയ നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പ്രോജക്ടിന്റെ [പ്രോജക്ട് നം. 110/2023 – ഒഡിഎഫ് പ്ലസ് - ഗാർഹിക ശൌചാലയ നിർമ്മാണം] ഗുണഭോക്താവായ ശ്രീമതി ഉഷ, ഏനാദിപ്പച്ച എന്ന വ്യക്തി 6000രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ടോയ്‌ലറ്റ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ, നിർവ്വഹണ ഉദ്യോഗസ്ഥയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറോട് ഓഡിറ്റ് എൻക്വയറി (11/21.09.2023) മുഖേന വിശദാംശം തേടി. നിർമ്മാണം പൂർത്തീകരിക്കാൻ ഗുണഭോക്താവിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. ടോയ്‌ലറ്റ് നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് വാല്യുവേഷൻ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-26 പഞ്ചായത്തിലെ ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്കിന്റെ പരിപാലനം കൃത്യമല്ല

പഞ്ചായത്തിലെ ഔദ്യോഗിക വാഹനത്തിന്റെ (KL 26E 1818) ലോഗ് ബുക്ക് പരിശോധിച്ചതിൽ, 2022 ജനവരി മുതൽ നാളിതുവരെ മാസാന്ത്യ സംക്ഷിപ്തം തയ്യാറാക്കുകയോ കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു. ലോഗ് ബുക്കിൽ, വാഹനത്തിന്റെ ഇന്ധനക്ഷമത സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് സൂക്ഷിച്ചിട്ടില്ല. 2022-23ൽ വാഹനത്തിന് ഡീസൽ നിറച്ച ഇനത്തിൽ 224455.82 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഡീസൽ നിറയ്ക്കുന്ന

വേളയിൽ പഞ്ചായത്തിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യം ഉണ്ടായിട്ടില്ല. ഇക്കാരണങ്ങളാൽ പഞ്ചായത്ത് വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച് സുതാര്യതയില്ല.

ഈ വിഷയം ഓഡിറ്റ് എൻക്വയറി (27/26.09.2023) മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി. മറുപടിയോടൊപ്പം വാഹനത്തിന്റെ ഇന്ധനക്ഷമതാ സർട്ടിഫിക്കറ്റ് ഹാജരാക്കി. എന്നാൽ ഡീസൽ നിറയ്ക്കുന്നതിലെ അപാകതകൾ, പ്രതിമാസ ഇന്ധന ഉപയോഗത്തിന്റെയും ഇന്ധന നീക്കിയിരിപ്പിന്റെയും സാക്ഷ്യപ്പെടുത്തൽ ഇല്ലാത്തത് എന്നിവ സംബന്ധിച്ച് മറുപടി ലഭ്യമാക്കിയില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്. ഈ വിഷയത്തിൽ വകുപ്പുതല പരിശോധന അഭികാമ്യമായിരിക്കും.

## 1-27 കരാർ ജീവനക്കാരുടെ നിയമന, സേവന വിവരങ്ങൾ സൂക്ഷിക്കുന്നില്ല

ഗ്രാമപ്പഞ്ചായത്തിൽ വിവിധ തസ്തികകളിൽ കരാർ ജീവനക്കാർ ജോലി ചെയ്തുവരുന്നുണ്ട്. എന്നാൽ ഇവരുടെ നിയമനം, സേവനം എന്നിവ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. 2022-23വർഷം ചുവടെ പറയുന്ന തസ്തികകളിൽ കരാർ ജീവനക്കാർ ജോലി ചെയ്തിരുന്നതായി തനതുഫണ്ട് വൌച്ചറിന്റെ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

| തസ്തിക | ജീവനക്കാരുടെ എണ്ണം |
|---|---|
| അക്രഡിറ്റഡ് എഞ്ചിനീയർ | 1 |
| ഓവർസീയർ | 2 |
| അക്കൌണ്ടന്റ് കം ഐറ്റി അസിസ്റ്റന്റ് | 2 |
| ടെക്നിക്കൽ അസിസ്റ്റന്റ് | 1 |
| ലൈബ്രേറിയൻ (പാർട്ട് ടൈം) | 1 |
| ഡ്രൈവർ | 1 |
| പ്രോജക്ട് അസിസ്റ്റന്റ് | 1 |

പഞ്ചായത്തിൽ നിയമിതരായിട്ടുള്ള കരാർ ജീവനക്കാരുടെ നിയമനവും സേവനവും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായി സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (32/27.09.2023)നൽകി. തുടർന്ന് എംജിഎൻആർഇജിഎസ് വിഭാഗം ജീവനക്കാരുടെയും, പ്രോജക്ട് അസിസ്റ്റന്റിന്റെയും ഉൾപ്പെടെ ആറ് സേവന പുസ്തകം തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കി. എന്നാൽ നിയമനം സേവനം, ലീവ്, ലീവ് സറണ്ടർ അനുവദിച്ചത് എന്നിവ സംബന്ധിച്ച യാതൊരു വിവരവും സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതിൽനിന്നും കരാർ ജീവനക്കാരുടെ നിയമനം സംബന്ധിച്ച് ചുവടെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു എന്ന് വ്യക്തമാണ്.

1. മേൽപ്പറഞ്ഞ വിഭാഗം കരാർ ജീവനക്കാർ കെഎസ്ആർഭാഗം 1 അനുബന്ധം 8 പ്രകാരമാണോ നിയമിതരായിട്ടുള്ളത് എന്നത് സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല.
2. ഓരോ വർഷവും നിയമനം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. 2022-23 ലേക്ക് കരാർ നിയമനം നീട്ടി നൽകിയിട്ടില്ല.
3. സേവനപുസ്തകത്തിൽ നാളിതുവരെയുള്ള സേവന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
4. കരാർ ജീവനക്കാരുടെ നിയമാനുസൃത ലീവുകൾ രേഖപ്പെടുത്താൻ പ്രത്യക രജിസ്റ്റർ ഇല്ല.
5. ആർജ്ജിതാവധി സംബന്ധിച്ച വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.
6. 2022-23 സാമ്പത്തിക വർഷം കരാർ ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ ഇനത്തിൽ 58211 രൂപ ചെലവഴിച്ചിട്ടുള്ളതായി വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഏഴ് ജീവനക്കാർ 2022-23ൽ ആർജ്ജിതാവധി സറണ്ടർ ചെയ്തിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം ലീവ് സറണ്ടർ ആനുകൂല്യം നൽകിയിട്ടുള്ളത് ജീവനക്കാരുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

2022-23 വർഷത്തെ ഹാജർ പുസ്തകം, തനതുഫണ്ട് വൗച്ചറുകൾ എന്നിവ പരിശോധിച്ചതിൽ ഏതാനും ജീവനക്കാർ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതായും പ്രസ്തുത കാലയളവ് ക്രമീകരിക്കാതെ ഇവർക്ക് ശമ്പളം അനുവദിച്ച് നൽകിയതായും ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ | ജീവനക്കാരുടെ | ഹാജരില്ലാത്ത ദിവസങ്ങൾ | ആകെ |
|---|---|---|---|

| നം | പേര് | | ദിവസങ്ങൾ |
|---|---|---|---|
| 1 | ശ്രീ അഭിജിത്ത് ലാൽ, ഓവർസീയർ | 10.03.2022, 28.03.2022, 29.03.2022, 30.04.2022, 07.05.2022, 25.05.2022, 25.07.2022 | 5 |
| 2 | ശ്രീ വിഷ്ണു തമ്പി, ഓവർസീയർ | 19.03.2022, 25.03.2022, 28.03.2022, 29.03.2022, 22.04.2022, 23.04.2022, 29.04.2022, 30.04.2022, 12.05.2022, 20.05.2022, 25.06.2022, 25.07.2022, 29.08.2022, 21.11.2022, 03.12.2022 | 12 |
| 3 | ശ്രീമതി സിസ്മുമോൾ സി, അക്രഡിറ്റഡ് എഞ്ചിനീയർ | 07.03.2022, 08.03.2022, 28.03.2022, 29.03.2022, 18.06.2022, 21.06.2022, 22.06.2022, 23.06.2022, 24.06.2022, 25.06.2022, 25.07.2022, 03.10.2022, 07.02.2022 | 13 |
| 4 | ശ്രീമതി സ്മിത പി., അക്കൗണ്ടന്റ് കം ഡേറ്റ എൻട്രി ഓപ്പറേറ്റർ | 08.03.2022, 14.03.2022, 28.03.2022, 29.03.2022, 25.07.2022, 22.11.2022, 17.12.2022. | 7 |
| 5 | ശ്രീമതി രഞ്ജിനി എസ്., അക്കൗണ്ടന്റ് കം ഡേറ്റ എൻട്രി ഓപ്പറേറ്റർ | 28.03.2022, ു29.03.2022, 25.07.2022, 22.10.2022 | 4 |
| 6 | ശ്രീമതി ചിഞ്ചു വി, പ്രോജക്ട് അസിസ്റ്റന്റ് | 28.03.2022, 29.03.2022, 25.05.2022, 22.06.2022, 23.06.2022, 24.06.2022, 25.06.2022, 05.12.2022, 06.12.2022 | 9 |
| 7 | ശ്രീ ഹരീഷ്.പി മുകുന്ദ്, ടെക്നിക്കൽ അസിസ്റ്റന്റ് | 11.03.2022, 18.03.2022, 19.03.2022, 28.03.2022, 29.03.2022, 31.03.2022, 21.04.2022, 22.04.2022, 23.04.2022, 24.04.2022, 25.04.2022, 26.04.2022, 27.04.2022, 18.05.2022, 20.05.2022, 23.05.2022, 24.05.2022, 30.07.2022, 26.09.2022, 21.10.2022, 22.10.2022, 27.10.2022, 28.10.2022, 29.10.2022, 30.10.2022, 31.10.2022, 01.11.2022, 02.11.2022, 03.11.2022, 28.11.2022, 30.11.2022, 01.12.2022, 02.12.2022, 03.12.2022, 04.12.2022, 05.12.2022, 06.12.2022, 07.12.2022, 09.12.2022, 13.12.2022, 22.02.2023. | 41 |

ഇപ്രകാരം അനധികൃതമായി ഹാജരാകാത്ത ദിവസങ്ങളിൽ ശമ്പളം അനുവദിച്ചതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതും, അനധികൃതമായ ഹാജരില്ലായ്മ ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് സ്വീകരിക്കുന്ന നടപടികൾ വകുപ്പുതലത്തിൽ നിരീക്ഷിക്കാവുന്നതാണ്.

## 1-28 തേൻ സംസ്കരണ യൂണിറ്റ് - ചെലവഴിച്ച തുക പാഴായി

തേൻ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനായി 2017-18 ൽ 2.5 ലക്ഷം രൂപ ചെലവഴിച്ച് ഹോർട്ടി കോർപ്പിൽനിന്ന് വാങ്ങിയ യന്ത്രോപകരണങ്ങൾ നാളിതുവരെ പ്രവർത്തനക്ഷമമാക്കിയില്ല. അതിനാൽ ചെലവഴിച്ച മുഴുവൻ തുകയും പാഴായി. ചുവടെ പറയുന്ന ഉപകരണങ്ങൾ വാങ്ങുന്നതിനാണ് പ്രോജക്ട് നം.270/2018 പ്രകാരം ഹോട്ടി കോർപ്പിന് തുക കൈമാറിയത്.

| ഇനം | യൂണിറ്റ് വില | എണ്ണം | ആകെ തുക |
|---|---|---|---|
| Steel Drum Of Capacity 500 Kg. | 35000 | 2 | 70000 |

| | | | |
|---|---|---|---|
| Filtering Unit | 65000 | 1 | 65000 |
| Mechanical Processing Unit | 65000 | 1 | 65000 |
| Setting Tank | 50000 | 1 | 50000 |
| ആകെ | | | 250000 |

പദ്ധതിപ്പണം ചെലവഴിച്ച് യന്ത്രോപകരണങ്ങൾ വാങ്ങിയതല്ലാതെ യാതൊരു തുടർ നടപടിയും കൃഷി വകുപ്പ് സ്വീകരിച്ചില്ല. അനുബന്ധ ഉപകരണങ്ങൾകൂടി വാങ്ങി സ്ഥാപിച്ചാൽ മാത്രമേ പ്രസ്തുത യൂണിറ്റ് പ്രവർത്തനക്ഷമമാക്കാൻ കഴിയുകയുള്ളൂവെന്ന് എക്സിറ്റ് മീറ്റിംഗിൽ കൃഷി ഓഫീസർ അറിയിച്ചു. കലഞ്ഞൂർ മാർക്കറ്റിലെ ഉപയോഗശൂന്യമായ ഒരു കടമുറിയിലാണ് നിലവിൽ ഇത് സൂക്ഷിച്ചിട്ടുള്ളത്. ഇറച്ചിക്കടയുടെയും മീൻ വില്പന കേന്ദ്രത്തിന്റെയും സാമീപ്യമുള്ളതിനാൽ തേൻ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിന് ഒട്ടും അനുയോജ്യമല്ല ഈ സ്ഥലം.

മുന്നൂറോളം കർഷകർ തേനീച്ച വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കലഞ്ഞൂർ പഞ്ചായത്തിൽ തേൻ സംസ്കരണത്തിനും വിപണനത്തിനും വലിയ സാദ്ധ്യതകളാണുള്ളത്. നിലവിൽ പ്രദേശത്തെ സ്വകാര്യ വ്യക്തികൾ ഇത്തരം തേൻ സംസ്കരണ യൂണിറ്റ് വഴി സംസ്കരിച്ച തേൻ വിദേശ വിപണികളിലേക്ക് കയറ്റുമതി ചെയ്തുവരുന്നു. ഗ്രാമപ്പഞ്ചായത്ത് സ്ഥാപിച്ച യൂണിറ്റ് പ്രവർത്തനക്ഷമമല്ലാത്തതിനാൽ ചെറുകിട കർഷകർക്ക് തങ്ങൾ ഉല്പാദിപ്പിക്കുന്ന തേൻ സ്വന്തമായി സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിന് യാതൊരു മാർഗ്ഗവും ഇല്ല. സംസ്കരിക്കാത്ത തേൻ തീരെക്കുറഞ്ഞ വിലയ്ക്ക് വിൽക്കേണ്ടിവരുന്നതിലൂടെ കടുത്ത ചൂഷണത്തിനും ഇവർ വിധേയരാകുന്ന സാഹചര്യമാണുള്ളത്.

ഗ്രാമപ്പഞ്ചായത്തുവക ഷോപ്പിംഗ് കോംപ്ലക്സിലെ ഒഴിഞ്ഞു കിടക്കുന്ന കടമുറിയിലോ മറ്റേതെങ്കിലും യോജിച്ച സ്ഥലത്തോ തേൻ സംസ്കരണ യൂണിറ്റ് മാറ്റി സ്ഥാപിക്കുന്നത് ഉചിതമായിരിക്കും. ഗ്രാമീണ മേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും പ്രാദേശിക വികസനത്തിലൂന്നിയുള്ള സ്വയം പര്യാപ്തത കൈവരിക്കുന്നതിനും അനുയോജ്യമായ പ്രസ്തുത തേൻ സംസ്കരണ യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിന് ഗ്രാമപ്പഞ്ചായത്തിന്റെ ഇടപെടൽ അനിവാര്യമാണ്.

## 1-29 കാലാവസ്ഥാ വ്യതിയാനം -പ്രാദേശിക കർമ്മ പദ്ധതി ആവിഷ്കരിക്കേണ്ടതാണ്

19-04-22 ലെ സ ഉ(കൈ)നം 84/2022/ ത സ്വ ഭ വ പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖ 7.3 പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും കാലാവസ്ഥ വ്യതിയാനത്തിന്റെ ദൂഷ്യവശങ്ങൾ ലഘൂകരിക്കുന്നതിനാവശ്യമായ പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കേണ്ടതാണ് (7.3.1). ഇതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭൂപ്രകൃതി, ജന പ്രകൃതി, സമ്പദ് വ്യവസ്ഥ എന്നിവ സംബന്ധിച്ച പൊതു വിവരങ്ങളും കഴിഞ്ഞ ദശാബ്ദത്തിൽ പ്രദേശത്ത് അനുഭവപ്പെടുന്ന കാലാവസ്ഥ വ്യതിയാനം മൂലം മനുഷ്യരുടെ ജീവിതത്തിലും, ജീവനോപാധികളിലും ഉണ്ടായിട്ടുള്ള മാറ്റങ്ങളും, ഉല്പാദന മേഖലകളിലും ആരോഗ്യ സേവന മേഖലകളിലും ഉണ്ടായ മാറ്റങ്ങളും, പ്രകൃതി വിഭവങ്ങൾ, ജൈവ വൈവിധ്യങ്ങൾ എന്നിവക്കുണ്ടായ മാറ്റങ്ങളും നിരീക്ഷിക്കേണ്ടതുണ്ട് (7.3.2).
ജല സംരക്ഷണം, ഹരിത ഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കൽ, കാർബൺ ബഹിർഗമനം കുറയ്ക്കൽ, ദുരന്ത ലഘൂകരണം, മേൽ സൂചിപ്പിച്ചവ സംബന്ധിച്ച അവബോധം നൽകൽ, മുന്നൊരുക്ക പ്രവർത്തനങ്ങൾ എന്നിവ ഭാഗമാക്കണം (7.3.3). പദ്ധതി സംബന്ധിച്ച പരിശീലനം കില നൽകുന്നതാണ്. 22 -23 വാർഷിക പദ്ധതിയിൽ തുക വകയിരുത്തേണ്ടതാണ് (7.3.4). 2022-23 സാമ്പത്തിക വർഷം ഇതുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.6/.09.2023) മറുപടിയായി അറിയിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ടുള്ള പ്രാദേശിക കർമ്മ പദ്ധതി നടപ്പിലാക്കുന്നതിന് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 മരണപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ സമയബന്ധിതമായി സസ്പെന്റ് ചെയ്യുന്നില്ല-സർക്കാരിന് ലക്ഷങ്ങളുടെ നഷ്ടം

പഞ്ചായത്തിൽ നിന്നും പെൻഷൻ ലഭിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെടുമ്പോൾ പെൻഷൻ സമയബന്ധിതമായി സസ്പെന്റ് ചെയ്യാതെ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് അനർഹമായി പെൻഷൻ അനുവദിക്കുന്നത് മൂലം സർക്കാരിന് വൻ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നു. ഈ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുന്ന പെൻഷണറുടെ പെൻഷൻ പോലും അതത് സമയം സസ്പെന്റ് ചെയ്യാതെ അനർഹമായി ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ലഭ്യമാവുന്ന സാഹചര്യമാണ് ഇവിടെ നിലനിൽക്കുന്നത്.

സാമൂഹ്യക്ഷേമ പെൻഷൻ ഡാറ്റാബേസിലെ വിവരങ്ങളും പഞ്ചായത്തിലെ മരണ രജിസ്റ്ററിലെ വിവരങ്ങളും താരതമ്യപ്പെടുത്തിയതിൽ 2020 മുതലുള്ള കാലയളവിൽ മരണപ്പെട്ടുപോയ 50-ൽ പരം ക്ഷേമ പെൻഷൻ ഗുണഭോക്താക്കൾ ഇപ്പോഴും സേവന പെൻഷൻ ഡാറ്റാ ബേസിൽ ആക്ടീവ് പെൻഷണേഴ്സായി നിലനിൽക്കുന്നതായും പെൻഷൻ അക്കൗണ്ടുകളിലേക്ക് നിലവിലും തുകകൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നതായും കണ്ടെത്തി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേരും വിലാസവും | മരണപ്പെട്ട തീയതി | മരണ രജി നം., തീയതി | പെൻഷൻ ഇനം | പെൻഷൻ ഐഡി | മരണ ശേഷം അനുവദിച്ച തുക |
|---|---|---|---|---|---|---|
| 1 | പൊന്നച്ചൻ, പാങ്ങോട്ട് പുത്തൻ വീട് | 13.07.2021 | 124/21 29.07.2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200202541 | 36800 |
| 2 | ഗോവിന്ദൻആദിച്ചൻ, ചരുവിള പുത്തൻവീട് | 10.06.2021 | 112/2021 30.06.2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200201442 | 38400 |
| 3 | കുട്ടികൊച്ചുചെറുക്കൻ, ഇടയിലെ ഉണ്ടിൽ, കലഞ്ഞൂർ | 07.06.2021 | 105/2021 23.06.2021 | കർഷക തൊഴിലാളി പെൻഷൻ | 104200100195 | 38400 |
| 4 | ചെമ്പകക്കുട്ടിയമ്മ, കീഴൂട്ട് വടക്കേതിൽ വീട്,കലഞ്ഞൂർ | 16.05.2021 | 104/21 23.06.2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200200429 | 40000 |
| 5 | പാറുക്കുട്ടി<br>നിരവിൽ വീട്<br>കൂടൽ | 10.06.2021 | 99/2021 23.06.2021 | കർഷക തൊഴിലാളി പെൻഷൻ | 104200100063 | 38400 |
| 6 | രാജൻ.എ.കെ<br>അരിയിടത്തു വടക്കേക്കര പുത്തന് വീട് | 21.04.2021 | 85/2021 20.05.2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200202949 | 41600 |
| 7 | മീനാക്ഷി<br>കാഞ്ഞിരവിള വടക്കേതിൽ | 25.04.2021 | 77/2021 07.05.2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200201090 | 41600 |
| 8 | പത്മനാഭൻ<br>വേലൻ പറമ്പിൽ, കൂടൽ | 15.05.2021 | 90/2021 14.06.2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200201979 | 40000 |
| 9 | പങ്കജാക്ഷൻ ഉണ്ണിത്താൻ പി എൻ, പുതിയ വീട്, കൂടൽ | 26/11/2020 | 183/2020 14.12.2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200201907 | 49200 |
| 10 | അച്യുതൻ, പച്ചോട്ട് പടിഞ്ഞാറ്റേതിൽ, കലഞ്ഞൂർ | 29.07.2022 | 205/22 29.08.2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200204166 | 17600 |

| | | | | | | |
|---|---|---|---|---|---|---|
| 11 | ആമിന ബീവി, സബീന മൻസിൽ, പാടം | 01/02/2023 | 40/2023 27.02.2023 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | 104200601183 | 6400 |
| 12 | ഏലിയാമ്മകോശി, കിളിത്തട്ടിൽ, എലിക്കോട് | 06/03/2021 | 50/2021 30.03.2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200201633 | 43200 |
| 13 | ഏലിയാമ്മ ചാക്കോ, വേലയംകുഴിയിൽ, മുറിഞ്ഞകൽ | 08/10/2020 | 156/2020 22/10/2020 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | 104200600793 | 50500 |
| 14 | അന്നമ്മ ജോർജ്, ജൈനി വിള വീട്, പുന്നമൂട്, കൂടൽ | 20/07/2020 | 110/2020 10/08/2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200201144 | 55200 |
| 15 | ഏലിയാമ്മ, കാഞ്ഞിരമുകളില്, കലഞ്ഞൂർ | 29/12/2020 | 12/2021 16/01/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200201873 | 47700 |
| 16 | അൻസാരി, ഫാത്തിമ മൻസിൽ, നിരത്തുപാറ | 13/11/2021 | 218/2021 01/12/2021 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ | 104200400299 | 30400 |
| 17 | അർജ്ജുനൻ ആചാരി, ജയഭവൻ, കലഞ്ഞൂർ | 26/07/2021 | 129/2021 12/08/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200200459 | 36800 |
| 18 | അർജ്ജുനൻ ആശാരി, രാജി ഭവനം, പറയങ്കോട് | 30/12/2019 | 11/2020 22/01/2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200201788 | 63400 |
| 19 | ബാലകൃഷ്ണനാചാരി, പന്മനമഠ, പറയങ്കോട് | 08/03/2020 | 59/2020 19/05/2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200201106 | 59800 |
| 20 | ഭാരതി, സാധുപുരം, അഞ്ചുമുക്ക്, നിരത്തുപാറ | 06/04/2023 | 70/2023 27/04/2023 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200200278 | 3200 |
| 21 | ഭാർഗവിയമ്മ, കുടുത്തയിൽ | 29/01/2020 | 25/2020 | ഇന്ദിരാ | 104200600104 | 62200 |

| | | | | | | |
|---|---|---|---|---|---|---|
| | പുത്തൻവീട്, കലഞ്ഞൂർ | | 11/02/2020 | ഗാന്ധി ദേശീയ വിധവ പെൻഷൻ | | |
| 22 | ചാക്കോ വർഗീസ്, മുളക്കുഴ പീടികയിൽ, അതിരുങ്കൽ | 05/06/2022 | 154/2022 11/07/2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200200945 | 19200 |
| 23 | ചെല്ലമ്മ കെ, തച്ചിരേത്ത് വീട്, കുളത്തുമൺ | 17/12/2021 | 58/2022 09/03/2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200203993 | 28800 |
| 24 | ഫാത്തിമ ബീവി, താന്നിവിള പുരയിടം, പാടം | 20/11/2022 | 310/2022 24/12/2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200201363 | 11200 |
| 25 | ജോൺ ഡാനിയേൽ, പാറകടവിൽ, കല്ലുവിള മുരിഞ്ഞകൽ | 29/06/2022 | 156/2022 11/07/2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200200932 | 19200 |
| 26 | കമലമ്മ, മണ്ണിൽവടക്കേതിൽ,കുളത്തുമൺ | 04/10/2022 | 266/2022 26/10/2022 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ | 104200400328 | 12800 |
| 27 | കാർത്യായനി, ചായംപറമ്പിൽ , കലഞ്ഞൂർ | 14/06/2020 | 81/2020 24/06/2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200200440 | 56700 |
| 28 | കുഞ്ഞുരാമൻ, കൊല്ലന്റെയ്യത്ത് അതിരുങ്കൽ | 30/03/2020 | 52/2020 19/05/2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200204225 | 59800 |
| 29 | കുട്ടിയമ്മ, കാഞ്ഞിരംവിള വടക്കേതിൽ | 06/09/2021 | 172/2021 22/09/2021 | ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ | 104200600423 | 38000 |
| 30 | ലീലാമ്മ വർഗീസ്, കളീലുവിള, മുറിഞ്ഞകൽ | 24/03/2021 | 63/2021 17/04/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200203497 | 43200 |
| 31 | പാത്തുമ്മ ബീവി, അരിയിടത്തു വടക്കേക്കര വീട് കൂടൽ | 12/08/2022 | 243/2022 07/10/2022 | ഇന്ദിരാ ഗാന്ധി ദേശീയ | 104200203543 | 16000 |

| | | | | | | |
|---|---|---|---|---|---|---|
| | | | | വാർദ്ധക്യകാല പെൻഷൻ | | |
| 32 | ഫിലിപ്പ് വി എം, വാഴയിൽ പുത്തൻ വീട്, ഇഞ്ചപ്പാറ | 14/07/2022 | 167/2022 22/07/2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200200559 | 17600 |
| 33 | രാജപ്പനാചാരി ആറ്റൂർ തെക്കേതിൽ , കലഞ്ഞൂർ | 28/10/2022 | 279/2022 26/11/2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200201046 | 12800 |
| 34 | സൈത്തുൻ ബീവി, കാഞ്ഞിരമുകൾ, കലഞ്ഞൂർ | 26/11/2022 | 301/2022 23/12/2022 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | 104200600095 | 11200 |
| 35 | സാമുവൽ വി പി, കുളത്തിന്റെ മേലേതിൽ, നെടുമൺകാവ് | 07/04/2022 | 262/2022 22/10/2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200203536 | 22400 |
| 36 | ശാന്തമ്മ ഗോപിനാഥൻ, നെടുവേലിക്കുന്നിൽ കൂടൽ | 07/01/2021 | 23/2021 05/02/2021 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ | 104200400567 | 46200 |
| 37 | സരള, ശ്രീവിലാസം, അതിരുംകൽ | 24/06/2022 | 149/2022 04/07/2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200203951 | 19200 |
| 38 | സരസമ്മ കെ, കുന്നത്തു തെക്കേതിൽ, കലഞ്ഞൂർ | 18/04/2021 | 71/2021 04/05/2021 | ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ | 104200600726 | 41600 |
| 39 | ശശിധരൻ പി സി, നോവൽ വിലാസം, കലഞ്ഞൂർ | 08/05/2022 | 117/2022 24/05/2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200204497 | 7800 |
| 40 | ശോശമ്മ മാത്യു, ഷീല ഭവൻ, കൂടൽ | 28/06/2022 | 210/2022 02/09/2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200204062 | 19200 |
| 41 | ശ്രീധരൻ ഉണ്ണിത്താൻ, മാധവമംഗലത്ത് വീട് കൂടൽ | 02/10/2022 | 250/2022 18/10/2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200204275 | 12800 |

| | | | | | | |
|---|---|---|---|---|---|---|
| 42 | സുകുമാരൻ പി, അനഘ ഭവൻ മുറിഞ്ഞകൽ | 23/09/2021 | 193/2021 13/10/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200203546 | 33600 |
| 43 | സുകുമാരൻ റ്റി എസ്, സിമി ഭവനം, കൂടൽ | 14/12/2021 | 249/2021 24/12/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200202764 | 28800 |
| 44 | സുരേന്ദ്രൻ നായർ, മംഗലത്ത് കിഴക്കേതിൽ, കൂടൽ | 02/09/2022 | 216/2022 15/09/2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200202865 | 5400 |
| 45 | സൂസമ്മ ചാക്കോ, ജിജു ഭവൻ, മല്ലംകുഴ, കലഞ്ഞൂർ | 27/03/2022 | 94/2022 13/04/2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200202688 | 24000 |
| 46 | ശ്യാമള, മണ്ണിൽ തെക്കേക്കര, കലഞ്ഞൂർ | 23/04/2020 | 40/2020 05/05/2020 | ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ | 104200601725 | 58500 |
| 47 | വാസുദേവൻ ആചാരി, കുത്തപ്പള്ളിയിൽ, കലഞ്ഞൂർ | 26/07/2020 | 111/20 10/08/2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200200620 | 54600 |
| 48 | വേലപ്പൻ മരുതി മംഗലത്ത് വീട്, കലഞ്ഞൂർ | 31/08/2022 | 223/2022 17/09/2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200204487 | 16000 |
| 49 | മണി ഇടതുണ്ടിൽ വീട് , കലഞ്ഞൂർ | 01/01/2020 | 19/2020 06/02/2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200203902 | 62200 |
| 50 | മറിയാമ്മ ഡാനിയേൽ, ചക്കാലയിൽ വീട് കലഞ്ഞൂർ | 20/09/2021 | 183/2021 05/10/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200202784 | 33600 |
| 51 | കേശവൻ കെ, അജയവിലാസം,നിരത്തുപാറ | 06/02/2021 | 30/2021 23/02/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104200200543 | 44700 |

| | | | | | | |
|---|---|---|---|---|---|---|
| | ആകെ | | | | | 1717900 |

(മേൽ കൊടുത്തിരിക്കുന്ന വിവരങ്ങളുടെ കൃത്യത ഫീൽഡ് പരിശോധന നടത്തി ഉറപ്പുവരുത്തിയതിനുശേഷം മാത്രം ടി ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണ്. ഇക്കാര്യത്തിലുണ്ടാകുന്ന വീഴ്ചയ്ക്ക് ഓഡിറ്റിന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല)

മരണപ്പെട്ടവരെയും, അനർഹരായവരെയും ക്ഷേമപെൻഷൻ ഡാറ്റാ ബേസിൽനിന്നും ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ കാലകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ നടപ്പിലാക്കുന്നതിലുണ്ടായിട്ടുള്ള വീഴ്ച കാരണമാണ് മേൽ പറഞ്ഞ പ്രകാരമുള്ള 1717900 രൂപ പൊതു ഖജനാവിന് നഷ്ടമായിട്ടുള്ളത്. സർക്കാരിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്.)നം.97/2020/ധന. ഉത്തരവ് ഖണ്ഡിക സി(12) പ്രകാരം മരണപെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അംഗനവാടി /ആശാ വർക്കർമാർ മുഖാന്തരം ശേഖരിച്ച് അതതു മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ധനകാര്യവകുപ്പിന്റെ 02.08.2021 ലെ സർക്കുലർ നം.63/2021/ധന പ്രകാരം മരണപ്പെട്ടവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കൃത്യമായി നടപ്പിലാക്കാത്തിനാൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുണ്ടെന്നും പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാരിന്റെ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.24/25.09.2023) ഗുണഭോക്താക്കളുടെ മരണശേഷം വിതരണം ചെയ്യപ്പെട്ട തുക തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അനർഹമായി കൈപ്പറ്റിയ തുക ഗുണഭോക്താക്കളുടെ അനന്തരാവകാശികളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന മുഴുവനാളുകളുടെയും ലിസ്റ്റ് അങ്കനവാടി/ആശാ വർക്കർമാരെ കൊണ്ടും പെൻഷൻ അന്വേഷണ ചുമതലയുള്ള ഉദ്യോഗസ്ഥരെ കൊണ്ടും മറ്റ് ലഭ്യമായ മാർഗ്ഗങ്ങളിലൂടെയും വിശദമായ പരിശോധന നടത്തി നിലവിൽ പെൻഷൻ സസ്പെന്റ് ചെയ്യാത്ത അനർഹരായ മുഴുവൻ ആളുകളുടെയും പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതും അധികമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ അടവാക്കി വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-31 ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

2022-23 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് പദ്ധതി(294/23) പ്രകാരം 10 ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തതിന് 48000 രൂപ വീതം ആകെ 480000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആനുകൂല്യം ലഭിച്ചവരുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | വാർഡ് |
|---|---|---|
| 1 | അഥിൻ എം, ഇട്ടിവിളമേലേതിൽ പുത്തൻ വീട്, കലഞ്ഞൂർ | 12 |
| 2 | സ്നേഹ സോമൻ, ഈട്ടിവിള പടിഞ്ഞാറ്റേതിൽ, കുളത്തുമൺ | 6 |
| 3 | അശ്വതി ആർ എസ്, സുരേഷ് ഭവനം | 17 |
| 4 | ഹരിലാൽ എസ്, പ്ലാമൂട്ടിൽ, കൂടൽ | 10 |
| 5 | പ്രമിത പി, കട്ടത്തലക്ഷം വീട് കോളനി, കലഞ്ഞൂർ | 16 |
| 6 | പ്രേംജിത്ത് പി, പ്രേംജിത്ത് ഭവനം, കലഞ്ഞൂർ | 13 |
| 7 | അഭിരാമി എസ്, പാറക്കുട്ടത്തിൽ വീട്, കലഞ്ഞൂർ | 20 |
| 8 | അതുൽ സത്യൻ, വിളയിൽ വീട്, നെട്ടുമൺ | 1 |
| 9 | അഞ്ജു കെ, ബിന്ദു ഭവനം | 13 |
| 10 | അഭിനവ് പി ബി, പുത്തൻ വീട്ടിൽ,കുളത്തുമൺ | 6 |

2022-23 ലെ റിവൈസ്ഡ് പ്രോജക്ടിൽ ഉൾപ്പെടുത്തി 2023 ഫെബ്രുവരിയിലാണ് മേൽ പദ്ധതിക്ക് അംഗീകാരം വാങ്ങിയിട്ടുള്ളത്. ആയതിനാൽ പഞ്ചായത്തിന്റെ അംഗീകൃത ഗുണഭോക്തൃലിസ്റ്റിലും ഗ്രാമസഭ ലിസ്റ്റിലും ഉൾപ്പെടാത്ത 10 പേർക്കാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ഗുണഭോക്താക്കൾക്ക് ഏതെങ്കിലും ഗ്രാമസഭയിൽ വെച്ച് ആനുകൂല്യം അനുവദിക്കുന്നതിന് സാധൂകരണം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കുന്നതിന് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.30/27.09.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് തുടർന്നുള്ള ഗ്രാമസഭയിൽ വെച്ച് സാധൂകരണം വാങ്ങി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-32 മരുന്ന് വാങ്ങൽ- ആവശ്യാനുസരണം മരുന്ന ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ (പി എച്ച് സി) നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി പെർഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലേയ്ക്ക് മുൻകൂറായി തുക ഒടുക്കിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. പരിശോധനയ്ക്ക്

ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സുകൾ പ്രകാരം ലഭ്യമായ മരുന്ന് വിവരം ചുവടെ ചേർക്കുന്നു. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| പ്രോജക്റ്റ് നം./പേര് | കെ.എം.എസ്.സി. എൽ ന് ഒടുക്കിയ തുക. | പെർഫോർമ ഇൻവോയ്സ് നമ്പർ/തീയതി | ലഭ്യമായ മരുന്ന് (രൂപ) | ലഭ്യമാക്കാൻ അവശേഷിക്കുന്നത് (രൂപ) |
|---|---|---|---|---|
| 38/22-23- | 400000<br>115521<br>94192 | PRF 1288/5.9.22<br>PRF 2689/1.12.22<br>PRF 3650/17.1.23 | 283529<br>59014<br>71285 | 116471<br>56507<br>22907 |
| 33/22-23 | 325000 | PRF 1697/17.10.22<br>PRF1881/27.10.22 | 253001<br>72642 | 71999<br>2224 |
| 292/22-23 | 100000 | PRF5051/3.03.23 | 68808 | 31192 |
| | | | ആകെ തുക | 301300 |

മുൻകൂർ നൽകിയ തുകയ്ക്ക് ലഭ്യമാക്കുവാൻ അവശേഷിക്കുന്ന ഉപകരണങ്ങളും മരുന്നും അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയും തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 ഹോമിയോ മരുന്നു വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

2022-23 സാമ്പത്തിക വർഷത്തിൽ ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ പദ്ധതിയിൽ ( പദ്ധതി നം -27 /22-23) മെയിന്റനൻസ് ഫണ്ട് റോഡി തരത്തിൽ നിന്നും 3,50,000 രൂപ ( ബിൽ നം.22050352019201072345/21.1.23) ) കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് കൈമാറിയിട്ടുള്ളതാണ്. ബില്ലുകൾ പരിശോധിച്ചതിൽ 226566 രൂപയുടെ മരുന്നു ലഭ്യമായിട്ടില്ല എന്നു കണ്ടു. അടിയന്തരമായി മരുന്നു ലഭ്യമാക്കുന്നതിനുള്ള നടപടികൾ നിർവഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയും സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കി വിവരം ആഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-34 സ്കോളർഷിപ്പ് തുക അധികം നൽകി

| പ്രോജക്ടിന്റെ പേര്, പ്രോജക്റ്റ് നമ്പർ | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം -എസ് സി പി, 130/23 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - 129/23 |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ്സ് സൂപ്പർവൈസർ | ഐ സി ഡി എസ്സ് സൂപ്പർവൈസർ |
| അടങ്കൽ | 400000 | 1350000 |
| ചെലവ് | 310700 | 1198400 |

പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ)നം.115/2022 തസ്വഭവ തീയതി 28.05.2022) ഉത്തരവ് ഖണ്ഡിക 7.16 (ബി) പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥിയ്ക്ക് ഒരു വർഷം നൽകാവുന്ന പരമാവധി തുക 28500 രൂപയാണ്. എന്നാൽ ഒരു ഗുണഭോക്താവിന് 45000രൂപയാണ് നല്കിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക | | ബിൽ റഫറൻസ് നമ്പർ/തീയതി |
|---|---|---|---|
| അശ്വതി ആർ,<br>കമ്പകത്തുംപച്ച പോത്തുപാറ,<br>കുടൽ | 45000 | 6000 | 22050352013500670057 20/10/2022 |
| | | 5000 | 22050352013501158250 08/02/2023 |
| | | 5500 | 22050352013501422234 08/02/2023 |
| | | 15000 | 22050352013501579483, 31/03/2023 |
| | | 6000 | 22050352013500606175, 03/10/2022 |
| | | 4500 | 22050352013501203293, 17/02/2023 |

| | | |
|---|---|---|
| | 3000 | 22050352013501125362, 02/02/2023 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/25.09.2023) മറുപടിയായി ഭിന്നശേഷി സ്കോളർഷിപ്പിനായി ജനറൽ, എസി സി വിഭാഗങ്ങൾക്കായി രണ്ട് പ്രോജക്ടുകൾ ഉണ്ടായിരുന്നതായും രണ്ട് പ്രോജക്ടിലും ഒരേ പേരുള്ള ഗുണഭോക്താക്കൾ ഉള്ളതിനാൽ ബെനിഫിഷ്യറിയെ മാപ്പ് ചെയ്തതിൽ വന്ന സാങ്കേതിക പിഴവ് മൂലമാണ് അധിക തുക നൽകിയതെന്നും അധികമായി നല്കിയ തുക തിരികെ ഈടാക്കുന്നതാണെന്നും നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. അധികം നല്കിയ തുകയായ 16500 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-35 ഫോറം 7 Aക്യാഷ്ബുക്കും രജിസ്റ്ററും പരിപാലിച്ചിട്ടില്ല.

2/ 7 / 2006 ലെ സ.ഉ.(പ്രിന്റ്)177 / 2006 /ധനം ഉത്തരവിലെ ധന വിനിയോഗ മാർഗരേഖകൾ അനുസരിച്ച് നിർവഹണ ഉദ്യോഗസ്ഥർ അതത് ഓഫീസിലെ ഫോറം 7 A ക്യാഷ് ബുക്കിൽ പ്രൊജക്ടുകളുടെ വരവു ചെലവുകൾ രേഖപ്പെടുത്തേണ്ടതും പദ്ധതി ചെലവുകളുടെ വിശദാംശങ്ങൾ സബ്സിഡിയറി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ചുവടെ ചേർക്കുന്ന നിർവഹണ ഉദ്യോഗസ്ഥർ അത്തരത്തിലുള്ള ക്യാഷ്ബുക്കും രജിസ്റ്ററുകളും പരിപാലിച്ചിട്ടില്ല.

1.കൃഷി ഓഫീസർ

2. മെഡിക്കൽ ഓഫീസർ (പി എച്ച് സി)

3. ഫിഷറീസ് സബ് ഇൻസ്പെക്ടർ

സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരം ക്യാഷ്ബുക്കും രജിസ്റ്ററുകളും പരിപാലിക്കേണ്ടതാണ്.

## 1-36 സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നില്ല.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വിദ്യാഭ്യാസമേഖലയിലെ പ്രവർത്തനങ്ങൾക്ക് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. സ്കൂളുകളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, കുട്ടികളുടെ പഠന നിലവാരം ഉയർത്തൽ, കുട്ടികൾക്ക് ശാരീരികവും മാനസികവുമായ വളർച്ച ഉറപ്പാക്കുന്നതിനുതകുന്ന പഠന, പഠനേതര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കൽ എന്നിവ ഇതിലുൾപ്പെടുന്നു. ഗ്രാമപഞ്ചായത്തിൽ 7 സർക്കാർ പ്രൈമറി സ്കൂളുകൾ നിലവിലുള്ളതിൽ പല സ്കൂളുകൾക്കും അടിസ്ഥാനസൗകര്യങ്ങൾ പരിമിതമാണ് എന്ന് നേരിട്ട് പരിശോധിച്ചതിൽ വ്യക്തമായി. സ്കൂളുകളുടെ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിലേയ്ക്ക് താഴെപ്പറയുന്നവയ്ക്ക് മുൻഗണന നൽകേണ്ടതാണ്.

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയുമായി സംയോജിപ്പിച്ച് അടുക്കള, ഡൈനിംഗ് ഹാൾ എന്നിവ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനും ഉയർന്ന പരിഗണന നൽകേണ്ടതാണ്.

2. സ്കൂളുകളിൽ ആവശ്യമായ ഫർണിച്ചർ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുക.

3.സ്കൂളുകൾക്ക് ചുററുമതിൽ നിർമ്മാണം

4.സ്കൂളുകളിലെ കേടായ ഐ.ററി. ഉപകരണങ്ങൾ ഉപയോഗ്യമാക്കുകയോ നിർമ്മാർജനം ചെയ്യുകയോ ചെയ്യുന്നതിനുള്ള നടപടികൾ.

5. പാചകപ്പുരകളുടെ വൈദ്യുതീകരണം

6.സ്കൂളുകളിൽ അഗ്നി രക്ഷാ സംവിധാനങ്ങളും ബയോ മാലിന്യ നിർമ്മാർജന സംവിധാനങ്ങളും നടപ്പിലാക്കൽ.

വിദ്യഭ്യാസ മേഖലയിൽ കൈമാറിക്കിട്ടിയ സ്കൂളുകൾ അഭിമുഖീകരിക്കുന്ന പോരായ്മകൾ കണ്ടെത്തുന്നതിനും പഠനനിലവാരം ഉയർത്തുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും ഭരണ തലത്തിൽ നടപടി സ്വീകരിക്കേണ്ടതും സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-37 പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി- ചട്ടങ്ങൾ പാലിക്കുന്നില്ല

ഉയർന്ന ആയുർദൈർഘ്യവും ജീവിത ശൈലിയിൽ വന്ന മാറ്റങ്ങളും ദീർഘകാല രോഗങ്ങളുടെയും മാറാരോഗങ്ങളുടെയും വാർദ്ധക്യസഹജമായ രോഗങ്ങളാൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളുടെയും തോത് ഗണ്യമായി വർധിക്കുന്നതിന് കാരണമായിട്ടുണ്ട്. ഈ സാഹചര്യങ്ങളെ ക്രിയാത്മകമായി നേരിടുന്നതിന് വേണ്ടി രൂപീകൃതമായ പാലിയേറ്റീവ് കെയർ പദ്ധതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് വേണ്ടി 07.03.2019 ലെ സ.ഉ(സാധാ)നം. 553/2019 /ത.സ്വ.ഭ.വ പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ പരിഷ്കരിച്ച് സർക്കാർ ഉത്തരവായി.

മേൽ പറഞ്ഞ മാർഗ്ഗരേഖ 2.9.1 പ്രകാരം പദ്ധതി നടത്തിപ്പിനായി ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിന് മുമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയായും ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

മാർഗ്ഗരേഖ 2.9.2 പ്രകാരം കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. ഓരോ മാസത്തേയും പ്രവർത്തനാവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി ഈ യോഗങ്ങളിൽ രേഖാമൂലം അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്.

മാർഗ്ഗരേഖ 2.9.3 പ്രകാരം എല്ലാ മാസവും ആരോഗ്യ പ്രവർത്തനങ്ങളുടെ അവലോകന യോഗം തദ്ദേശഭരണ സ്ഥാപനങ്ങളിൽ വച്ച് നടത്തേണ്ടതാണ്. ഈ യോഗത്തിൽ ആയുഷ് ആശുപത്രിയുടെ പ്രവർത്തനങ്ങൾ, ആശാപ്രവർത്തകരുടെ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് കെയർ പദ്ധതിയുടെ പ്രവർത്തനങ്ങൾ, വാർഡ് ആരോഗ്യ അവലോകന സമിതികളുടെ പ്രവർത്തനങ്ങൾ എന്നിവ അവലോകനം ചെയ്യുകയും ടി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും വേണം.

കലഞ്ഞൂർ പഞ്ചായത്തിലെ പി എം സി 2022-23 വർഷത്തിൽ 27.07.2022, 24.10.2022, 13.12.2022, 13.02.2023 എന്നീ ദിവസങ്ങളിൽ മാത്രമാണ് കൂടിയിട്ടുള്ളത്. എന്നാൽ ടി കമ്മിറ്റികളുടെ മിനിട്ട്സുകൾ ഒന്നും തന്നെ ചെയർപേഴ്സണോ മെമ്പർ സെക്രട്ടറിയോ അംഗീകരിച്ചിട്ടില്ല. ഈ യോഗങ്ങളിൽ ഒന്നും തന്നെ വാർഷിക വരവ് ചെലവ് കണക്കുകൾ അവതരിപ്പിക്കുകയോ അംഗീകാരം നേടുകയോ ചെയ്തിട്ടില്ല. അവസാനമായി 14.06.2023ൽ യോഗം ചേർന്ന് ഹാജർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും യാതൊരു തീരുമാനവും മിനട്ട്സ് ചെയ്തിട്ടില്ല. 13.12.2022ലെ യോഗത്തിൽ എല്ലാ രണ്ട് മാസവും കൂടുമ്പോൾ പി എം സി കൂടുവാൻ തീരുമാനിച്ചതായി മിനട്സ് ചെയ്തിട്ടുണ്ടെങ്കിലും തീരുമാനം നടപ്പിലാക്കിയിട്ടില്ല. തൊട്ടടുത്ത കമ്മിറ്റി 13.02.2023 ൽ ചേർന്നുവെങ്കിലും തുടർന്ന് 14.06.2023 ൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. 2023 മാർച്ച് മാസം 15-ാം തീയതി പാലിയേറ്റീവ് രോഗീ സംഗമം നടത്താൻ 13.02.2023 ലെ യോഗത്തിൽ തീരുമാനിച്ചിരുന്നുവെങ്കിലും നാളിതുവരെ പ്രസ്തുത സംഗമം നടത്തിയിട്ടില്ല. വരും വർഷങ്ങളിൽ മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം പി എം സി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-38 ദുരിതാശ്വാസനിധി

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും)ചട്ടം3 പ്രകാരം പേമാരി , വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, മാറാ രോഗങ്ങൾ മുതലായവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഓരോ പഞ്ചായത്തിലും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ചട്ടം3 (4) പ്രകാരം ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധിയുടെ വരവു ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഓഡിറ്റ് പരിശോധനയിൽ ഗ്രാമ പഞ്ചായത്തിൽ 01-04-2022 ൽ രൂപീകൃതമായ ദുരിതാശ്വാസനിധിയിൽ ആകെ 4612/- രൂപ മാത്രമാണുള്ളത്. പ്രകൃതി ക്ഷോഭങ്ങളുടെ ഇക്കാലത്ത് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് വളരെയധികം പ്രസക്തിയുണ്ട്. ചട്ടം നിർദ്ദേശിക്കുന്ന രീതിയിലൂടെ നിധിയിലേക്ക് ധനസമാഹരണം നടത്തേണ്ടതും നിധി ഉപയോഗിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്. നിധിയെ സംബന്ധിച്ച വരവു-ചിലവു കണക്കുകൾ ഒരു ക്യാഷ് ബുക്കിലെഴുതേണ്ടതും വിശദാംശം രേഖപ്പെടുത്തുന്നതിന് ഒരു രജിസ്ററും,സബ്കമ്മിററി യോഗനടപടികൾക്ക് മിനിററ്സ് എഴുതി സൂക്ഷിക്കേണ്ടതുമാണ്. ദുരിതാശ്വാസനിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-39 അഗതി രഹിത കേരളം പദ്ധതി- ലക്ഷ്യം കൈവരിച്ചില്ല.

പഞ്ചായത്തിലെ അശരണരും നിരാലംബരുമായ മുഴുവൻ കുടുംബങ്ങളെയും, നിലവിലെ ആശ്രയ കുടംബങ്ങളെയും തുടർന്നും സേവനം അർഹരായ ഗുണഭോക്താക്കളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനാണ് അഗതി രഹിത കേരളം പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ആകെ 169 ഗുണഭോക്താക്കളാണ് അഗതിരഹിത കേരളം പദ്ധതിയുടെ ആരംഭത്തിൽ ഉണ്ടായിരുന്നത്. എന്നാൽ വിവിധ കാരണങ്ങളാൽ നിലവിൽ 138 കുടുംബങ്ങളാണ് പദ്ധതിയിൽ അവശേഷിക്കുന്നത്. പദ്ധതിയിൽ പ്രധാനമായും ഭക്ഷ്യകിറ്റ് വിതരണം മാത്രമാണ് നടന്നിട്ടുള്ളത്. കൂടാതെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് 10 പേർക്ക് വീട് മെയിന്റനൻസിന് ആനുകൂല്യം നൽകിയിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷം സി.ഡി.എസ് മുഖേന 670500 രൂപയുടെ ഭക്ഷ്യധാന്യക്കിറ്റ് മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. തൻ വർഷം ജില്ലാ മിഷനിൽ നിന്നുമുള്ള ചലഞ്ച് ഫണ്ട് ലഭിച്ചിട്ടില്ല. അഗതി രഹിത കേരളം ബാങ്ക് അക്കൗണ്ടിൽ 3962999/- രൂപ ബാക്കി നിലനിൽപുണ്ട്. പദ്ധതിയുടെ നാളിതുവരെയുള്ള വരവ്-ചെലവ് കണക്ക് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് (31.03.2023) |
|---|---|---|---|

| | | | |
|---|---|---|---|
| മുന്നിരിപ്പ് As On 01.04.2022 | 3925702 | | |
| ചലഞ്ച്ഫണ്ട് | 0 | 0 | |
| വികസനഫണ്ട് | 600000 | 670500 | |
| ബാങ്ക് പലിശ | 107797 | 0 | |
| ആകെ | 4633499 | 670500 | 3962999 |

2019-20 മുതൽ 2022-23 വരെയായിരുന്ന പദ്ധതി കാലയളവ്. പദ്ധതിയുടെ കാലയളവ് ഏകദേശം കഴിഞ്ഞിട്ടും പദ്ധതി ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. സമൂഹത്തിലെ അശരണരായ കുടുംബങ്ങളെ കൂടി മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന് വേണ്ടി വിഭാവനം ചെയ്തിട്ടുള്ള ടി പ്രോജക്റ്റിന് അർഹിക്കുന്ന പ്രാധാന്യം പഞ്ചായത്ത് നൽകിയിട്ടില്ല. അർഹരായ ഗുണഭോക്താക്കൾ നിലവിലുണ്ടായിട്ടും പദ്ധതിപ്പണം ചെലവഴിക്കപ്പെടാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് അഭിലഷണീയമല്ല. ഗ്രാമപഞ്ചായത്തിലെ ആശ്രയ ഗുണഭോക്തൃ ലിസ്റ്റിലെ വീട് ആവശ്യമുള്ള ഗുണഭോക്താക്കൾക്കും, റിപ്പയർ ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ നൽകുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ അഗതി രഹിത കേരളം പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകേണ്ടതായിരുന്നു. എന്നാൽ പഞ്ചായത്ത് അത്തരം പരിഗണനകൾ നൽകുന്നില്ല. വരും വർഷങ്ങളിൽ അഗതി രഹിത കേരളം പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് അവരുടെ ആവശ്യകതയനുസരിച്ച് പ്രോജക്ടുകളിൽ മുൻഗണന നൽകി പദ്ധതി നിർവ്വഹണം നടത്താൻ നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-40 സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടതാണ്

19-4-22 ലെ സ ഉ (കൈ )84 /2022/ത സ്വ ഭ വ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതിയിലെ മാർഗരേഖ 6.9 പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഓരോ സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടതാണ് (6.9.1). പൊതു ജനങ്ങളുടെ പരാതികളും തർക്കങ്ങളും പരിഹരിക്കുന്നതിനായി മാസത്തിലെ ആദ്യ ബുധനാഴ്ച ഭരണസമിതി അംഗങ്ങളും ഉദ്യോഗസ്ഥരും പങ്കെടുക്കുന്ന അദാലത്ത് നടത്തി പരിഹാരം കാണേണ്ടതാണ് (6.9.2). സുതാര്യത, ജനപങ്കാളിത്തം എന്നീ തത്വങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സമ്പൂർണ്ണ ഗുണമേന്മ പരിപാലന സംവിധാനം (TOTAL QUALITY MANAGEMENT) കാലികമായി പരിഷ്കരിക്കേണ്ടതാണ് (6.9.3). സദ്ഭരണ തത്വങ്ങൾക്ക് പുറമെ പൗരാവകാശ രേഖ, അറിയുവാനുള്ള അവകാശം, വാതിൽപ്പടി സേവനം എന്നിവ കൂടി പരിഗണിച്ചുകൊണ്ടായിരിക്കണം സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടത് (6.9.6, 6.9.7 )എന്ന് മാർഗരേഖ നിർദ്ദേശിക്കുന്നു. മാർഗരേഖ അനുശാസിക്കും പ്രകാരമുള്ള സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സ്കോളർഷിപ്പ് തുക അധികം നൽകി-16500 രൂപയുടെ നഷ്ടം

പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ)നം.115/2022 തസ്വഭവ തീയതി 28.05.2022) ഉത്തരവ് ഖണ്ഡിക 7.16 (ബി) പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥിയ്ക്ക് ഒരു വർഷം നൽകാവുന്ന പരമാവധി തുക 28500 രൂപയാണ്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്(പ്രോ. നം 129/23, എസ് സി പി-പ്രോ. നം-130/23) എന്നീ പദ്ധതികളിലുൾപ്പെടുത്തി ഒരു ഗുണഭോക്താവിന് 45000 രൂപ നല്കിയിട്ടുണ്ട്. ഈ ഇനത്തിൽ 16500 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. അധികം നൽകിയ 16500 രൂപ ഓഡിറ്റിൽ നിരാകരിച്ചു. വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ൽ

ചേർത്തിട്ടുണ്ട് (ഖണ്ഡിക 1-34).

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക (രൂപയിൽ) | പ്രോജക്ടിന്റെ പേര് | ചെലവ് (രൂപയിൽ) | ബാലൻസ് |
|---|---|---|---|---|
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 60831/- | വന്യമൃഗ ശല്യം- കൃഷി സ്ഥലങ്ങൾക്ക് സംരക്ഷണ വേലി നിർമ്മിക്കൽ | 60831/- | 0 |
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 200000/- | ലൈഫ് ഭവന പദ്ധതി (ജനറൽ) | 200000/- | 0 |
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 644000/- | ലൈഫ് ഭവന പദ്ധതി (എസ്.സി) | 644000/- | 0 |
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 398400/- | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 398400/- | 0 |
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 500000/- | സ്മാർട്ട് അംഗൻവാടി കെട്ടിട നിർമ്മാണം | 500000/- | 0 |
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 135300/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 135300/- | 0 |
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 100000/- | ആശ്രയ പദ്ധതി | 100000/- | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 1450000/- | കിഴങ്ങ് കൃഷി വ്യാപനം | 1450000/- | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 81109/- | വന്യമൃഗ ശല്യം- കൃഷി സ്ഥലങ്ങൾക്ക് സംരക്ഷണ വേലി നിർമ്മിക്കൽ | 81109/- | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 2486405/- | ലൈഫ് ഭവന പദ്ധതി (ജനറൽ) | 2486405/- | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 3190000/- | ലൈഫ് ഭവന പദ്ധതി (എസ്.സി) | 3190000/- | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 500000/- | അംഗൻവാടി പോഷകാഹാരം | 500000/- | 0 |
| പത്തനംതിട്ട ജില്ലാ | 271830/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 271830/- | 0 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | | | |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക(രൂപയിൽ) | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക(രൂപയിൽ) |
|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | വാർഡ് 20-ൽ സ്ട്രീറ്റ് ലൈൻ നീട്ടൽ (20/23) | 255000/- | 0 | 255000/- |
| | വാർഡ് 5-ൽ സ്ട്രീറ്റ് ലൈൻ നീട്ടലും ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കലും (21/23) | 150000/- | 0 | 150000/- |
| | മലനട പറയകോട് റോഡിൽ സ്ട്രീറ്റ് ലൈൻ നീട്ടലും ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കലും (1/23) | 192576/- | 0 | 192576/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(രൂപയിൽ) | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(രൂപയിൽ) |
|---|---|---|---|---|
| | | മുതൽ(രൂപയിൽ) | പലിശ | |
| ലൈഫ് ഭവന പദ്ധതി | 4828392/- | 3560232/- | - | 1268160/- |

## 4-5 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ലഭിച്ച 8847 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ വിവരം | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2007-08 To 2010-11 | 3-4 | 8847 | ശ്രീ എം.ആർ ശിവജി, അസിസ്റ്റന്റ് എഞ്ചിനീയർ | 1220106089/14.02.2023 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം (രൂപയിൽ) | 9960 |
| തൻവർഷം നിക്ഷേപിച്ച തുക (രൂപയിൽ) | 0 |
| ആകെ | 9960 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 9960 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | കാലയളവ് | തുക (രൂപ) | FD നമ്പർ |
|---|---|---|---|---|---|
| 1 | കേരള ബാങ്ക്, കലഞ്ഞൂർ | 31.12.2019 | 10വർഷം | 4024 | 76935 |
| 2 | കേരള ബാങ്ക്, കലഞ്ഞൂർ | 31.12.2019 | 10വർഷം | 5936 | 76934 |
| ആകെ | | | | 9960 | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ പരാമർശം ഒന്നും ഉൾപ്പെട്ടിട്ടില്ല. ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | അനുബന്ധം 3 | വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം 3 | മൊബൈൽ ടവറുകളുടെ വസ്തു നികുതി പുനർനിർണ്ണയിച്ചില്ല, പഞ്ചായത്തിന് വരുമാനനഷ്ടം | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-6 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി ഈടാക്കിയില്ല, വരുമാന നഷ്ടം | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 72190086 |
| ആകെ ചെലവ് | 45297523 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 16500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-34 | 16500 | വീണ ആർ രത്നം, ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വീണ ആർ രത്നം, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് | രോഹിണി ഭവൻ, അമ്പാടി നഗർ-4, ശ്രീകാര്യം പി ഒ, തിരുവനന്തപുരം-695017 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ ഓഫീസിൽനിന്ന് ഒടുവിൽ പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി 3/851/2000 തീയതി 05-11-2001 | 1 |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി2/173/2003 തീയതി 31-05-2003 | |
| 2001-02 | എൽ.എഫ്.പി.റ്റി.എ-പി.2/537/2005 തീയതി 15-10-2005 | 3 |
| 2001-02 | എൽ.എഫ്.പി.റ്റി.എ-പി10/1147/2007 തീയതി 28-02-2009 | 1 |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി4/185/2007 തീയതി 27-03-2007 | 10 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി10/1138/2007 തീയതി 31-12-2008 | 14 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി9/836/2011. തീയതി 06.12.2011 | 19 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.9/873/2011 തീയതി 30-12-2011 | 5 |
| 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ-പി10/1108/2012 തീയതി 06-04-2013 | 11 |
| 2011-12 & 2012-13 | എൽ.എഫ്.പി.റ്റി.എ-പി.10/667/2014 തീയതി 11-12-2014 | 3 |
| 2013-14 & 2014-15 | കെ.എസ്.എ.പി.റ്റി.എ.പി-10-719/2015 തീയതി 06.08.2015 | 10 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി-10-1384/2016 തീയതി 04.01.2016 | 7 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി-10-825/2017 തീയതി 28.07.2017 | 7 |

| | | |
|---|---|---|
| 2017-18 | നം.കെ.എസ്.എ.പി.റ്റി.എ.പി10/1143/2018, തീയതി 10.08.2018 | 15 |
| 2018-19 | നം.കെ.എസ്.എ.പി.റ്റി.എ.പി10/624/2019 തീയതി 24.07.19 | 22 |
| 2019-20 | നം.കെ.എസ്.എ.പി.റ്റി.എ.പി10-754/2021 തീയതി 20.12.2021. | എല്ലാ ഖണ്ഡികകളും |
| 2020-21 | നം.കെ.എസ്.എ.പി.റ്റി.എ.പി10-755/2021 തീയതി 20.12.2021. | എല്ലാ ഖണ്ഡികകളും |
| 2021-22 | നം.കെ.എസ്.എ.പി.റ്റി.എ.പി10-1313/2022 തീയതി 12/12/2022. | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 27-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the KALANJOOR Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of KALANJOOR Grama Panchayat for the year 2022-2023

Date: 25/10/2023

Deputy Director
District Office Pathanamthitta
Kerala State Audit Department

## Audit Report appended to the Audit Certificate of KALANJOOR Grama Panchayat for the Year 2022-2023.

**1.Major Observations**

**2.Other Observations**

1. The mandatory financial statements such as notes on account and ratios prescribed in accounting rules are not submitted for audit
2. Cash Flow statement -Net increase/decrease in cash flow Rs. 212535/- does not match with difference between opening balance and closing balance of cash and cash equivalents -Rs.4388256/-
3.The Asset value shown in Balance sheet is not traceable to Asset Register due to unsupported design of existing asset register.
4. Lapses in making timely and accurate demand entries in respect of tax and non tax revenue.
5. Schedule B-3-Capital contibution-The amount recorded in this year is same as in previous year (24239343). The amount used for creating assets in this year not included.
6. Schedule B4- Previous years amount 75000 is recorded in Flood relief grant in this year also. The accuracy of this amout could not ascertain.
7. Schedule B11- There is no entries in the head investments. Panchayat has fixed deposit of Rs. 9960.
8. The accuracy of amount recorded as prepaid programme expenses has not been ascertain correctly.
9.Schedule B 17-There is two fixed deposits of a total amount of 9960in the name of Panchayat.In the schedule the amount recorded is 8652.
10. Shedule B-18- The accuracy of amount deposited during previous years in KWA, KSEB, PWD, GWD has not been ascertain correctly. Deposit works must completed and it should be converted to assets.
11. The amount deposited in KSEB for on project has not included in Annual financial statement.
12. The advance amount given to implimenting officers has not been adjusted.
13. The demand, collection,and balance amount is not reconciled with sanchaya software.
14. Schedule RP-40 (a)- An excess amount of Rs. 24071 is recorded in previous years closing balance.
15.Auction amount has not been reflected in income and expenditure account

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്